കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ബദിയടുക്ക ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് (2016-17)

## ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

e-mail: doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം:കെ.എസ്.എ./കെ.എസ്.ഡി -/6/981/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്-671123.
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 0499 4256690.

തീയതി .08.08.2017.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ബദിയടുക്ക ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : ബദിയടുക്ക ഗ്രാമപഞ്ചായത്ത് -2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ബദിയടുക്ക ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക) .

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പകർപ്പ് : 1)കേരള സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഇ-മെയിൽ വഴി)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡ്.

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ/കെ.എസ്.ഡി -6/981/2017 തീയതി: 08.08.2017

## കാസറഗോഡ് ജില്ലയിലെ ബദിയടുക്ക ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസറഗോഡ് ജില്ലയിലെ ബദിയടുക്ക ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2016 മുതൽ 31.03.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവും അവയുടെ ഒടുക്കും, വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയ പണം പിൻവലിക്കലുകളും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സി.രാജാരാമ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24.07.2017 മുതൽ 30.07.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ജഗദീശ്.എസ്, ഓഡിറ്റ് ഓഫീസർ |
| | വിനോദ് കുമാർ. വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | യാദവ കുമാര.സി.എച്ച്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശിവശങ്കര.കെ, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കെ.എൻ.കൃഷ്ണഭട്ട് | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ.ബി.സൂഫി | 01.04.2016 മുതൽ 05.10.2016 വരെ |
| | ശ്രീ.കെ.മഹാബലേശ്വര ശർമ | 06.10.2016 മുതൽ 02.12.2016 വരെ |
| | ശ്രീ.കെ.ഗോപാല | 03.12.2016 മുതൽ 30.12.2016 വരെ |
| | ശ്രീ.ബിന ജോസ് | 31.12.2016 മുതൽ 31.03.2017 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗം | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.സന്തോഷ് കുമാർ ചാലിൽ | 01..04..2016മുതൽ17..01..2017വരെ |

| | | |
|---|---|---|
| | ശ്രീമതി.ബിന്ദു ജോർജ് | 18.01.2017 മുതൽ 26.01.2017 വരെ |
| | ശ്രീമതി.രേവതി എം.ആർ | 27.01.2017 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.പ്രവീൺ.സി.ജി | 01.04.2016 മുതൽ 30.06.2016 വരെ |
| | ശ്രീ.രമേശൻ കരുവാറ്റിൽ | 01.07.2016 മുതൽ 14.10.2016 വരെ |
| | ശ്രീ.കൃഷ്ണദാസ് | 15.10.2016 മുതൽ 18.01.2017 വരെ |
| | ശ്രീ.ഉഷാർ കൃഷ്ണൻ.ജി | 19.01.2017മുതൽ 31.03.2017 വരെ |
| ഹെഡ്മാസ്റ്റർ, എസ്.എസ്.പി.എ.എൽ.പി. സ്കൂൾ, ഉദയഗിരി | ശ്രീ.ഗുരുമൂർത്തി.എം | 01.04.2016 മുതൽ 15.01..2017വരെ |
| | ശ്രീമതി.അംബികാ സരസ്വതി.ഐ | 16.01.2017 മുതൽ 31.03.2017 വരെ |
| വി. ഇ. ഒ. (ബദിയടുക്ക സർക്കിൾ) | ശ്രീ.രതീഷ് കുമാർ.കെ | 01.04.2016 മുതൽ 31.03.2017 വരെ |
| വി. ഇ. ഒ. (നീർച്ചാൽ സർക്കിൾ) | ശ്രീ.ജോൺസൺ.കെ.വി | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസ്സ്, ആയുർവേദം | ശ്രീ.ഡോ.സുബിൻ.കെ.ജെ | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്റിനറി സ്സജൻ | ശ്രീ.ഡോ.ഇ.ചന്ദ്രബാബു | 01.04.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ജ്യോതി.പി | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസ്സ്, അലോപ്പതി | ശ്രീ.ഡോ.സത്യശങ്കര ഭട്ട് | 01.04.2016 മുതൽ 31.03.2017 വരെ |

<u>ഉള്ളടക്കം</u>

| ക്രമ | | ഖണ്ഡിക | പേജ് |
|---|---|---|---|

| നം. | | നമ്പർ | നമ്പർ |
|---|---|---|---|
| ഭാഗം 1 – ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 | |
| ഭാഗം 2 – വരവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 1 | വിവിധോദ്ദേശ ഫണ്ടിന്റെ 4 ഗഡുക്കൾ പഞ്ചായത്ത് നഷ്ടപ്പെടുത്തി | 2-1 | |
| 2 | വസ്തു നികുതി വൻ കുടിശ്ശിക | 2-2 | |
| 3 | മൊബൈൽ ടവറുകളുടെ വസ്തുനികുതി പിരിച്ചെടുത്തിട്ടില്ല. | 2-3 | |
| 4 | ബി.എസ്.എൻ.എൽ സ്ഥാപനത്തിന്റെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല. | 2-4 | |

| | | | |
|---|---|---|---|
| | | | |
| 5 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 2-5 | |
| 6 | ഡി. ആന്റ് ഒ. ലൈസൻസ് പുതുക്കലും ഫീസ് പിരിവും-അപാകതകൾ | 2-6 | |
| 7 | വസ്തു നികുതി- പൊതു അവലോകനം | 2-7 | |
| 8 | വർഷങ്ങളായി ഇടപാടുകൾ ഒന്നുംതന്നെ ഇല്ലാതെ തുടരുന്ന ബാങ്ക് അക്കൗണ്ടുകൾ. | 2-8 | |
| ഭാഗം 3-ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 1 | ഫണ്ട് വിനിയോഗം- പദ്ധതികളുടെ നിർവഹണത്തിലെ വീഴ്ച-പദ്ധതിപ്പണം നഷ്ടപ്പെടുന്നു-2016-17 ൽ ലാപ്സായത് 3.05 കോടി രൂപ | 3-1 | |
| 2 | ഇൻഡോർ സ്റ്റേഡിയം-ഷട്ടിൽ കോർട്ട് നിർമ്മാണം- ഷീറ്റിടുന്ന പ്രവൃത്തിക്ക് അധിക നിരക്ക് അനുവദിച്ചതിനാൽ നഷ്ടം | 3-2 | |
| 3 | ടാറും എമൽഷനും വാങ്ങുന്നതിനുള്ള ചെലവ് ഒരു പ്രോജക്ടിന് 2 പ്രാവശ്യം തുക പിൻവലിച്ചു | 3-3 | |
| 4 | ടാറും എമൽഷനും വാങ്ങുന്നതിനുള്ള അഡ്വാൻസ് തുക സെക്രട്ടറി കയ്യിൽ സൂക്ഷിച്ചിരിക്കുന്നു | 3-4 | |
| 5 | എസ്റ്റിമേറ്റ് പ്രകാരമുള്ള പണി പൂർത്തീകരിച്ചില്ല - രൂ.42,468/- പാഴ് ചെലവ് | 3-5 | |
| 6 | എം.ബുക്കിൽ തെറ്റായ അളവുകൾ രേഖപ്പെടുത്തി - 8522/- രൂപ നിരാകരിക്കുന്നു | 3-6 | |

| | | | |
|---|---|---|---|
| 7 | പെയിൻ & പാലിയേറ്റീവ് കെയർ പദ്ധതി നിർവ്വഹണത്തിലെ പോരായ്മകൾ | 3-7 | |
| 8 | ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല | 3-8 | |
| 9 | തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല. | 3-9 | |
| 10 | പത്ര പരസ്യ ചാർജ്ജ്- ഡിസ്കൌണ്ട് ലഭിച്ചിട്ടില്ല . | 3-10 | |
| 11 | വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. | 3-11 | |
| 12 | പൊതുജനാരോഗ്യ സ്ഥാപനങ്ങളിലേക്ക് മരുന്നുകൾ വാങ്ങൽ- മരുന്നുകൾ ലഭിക്കാൻ ബാക്കി | 3-12 | |
| 13 | ഭവന പദ്ധതി -ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 3-13 | |
| 14 | അംഗനവാടി പോഷകാഹാര വിതരണം -അധികം നൽകിയ തുക തിരിച്ചടച്ചു | 3-14 | |
| 15 | അഗതി ആശ്രയ പദ്ധതി പ്രവർത്തനം മന്ദഗതിയിൽ | 3-15 | |
| 16 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം | 3-16 | |
| 17 | കർഷക ഗ്രൂപ്പുകൾക്ക് യന്ത്രങ്ങൾ വിതരണം- രേഖകൾ അപൂർണം ചെലവ് തടസ്സപ്പെടുത്തുന്നു | 3-17 | |
| 18 | കാർഷിക മേഖല ഉല്പാദന വർദ്ധനവ് ലക്ഷ്യം വച്ചുള്ള പദ്ധതികൾ - മോണിറ്ററിംഗ് കാര്യക്ഷമമല്ല. | 3-18 | |
| 19 | വി.ഇ.ഒ യുടെ അക്കൌണ്ടുകളിൽ ഭീമമായ തുക കെട്ടി കിടക്കുന്നു | 3-19 | |
| | | | |

ഭാഗം 4- ഓഡിറ്റ് പ്രത്യവലോകനം

| | | | |
|---|---|---|---|
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4-2 | |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 6 | ഓഡിറ്റ് റിക്കവറി | 4-6 | |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 9 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-9 | |

അനുബന്ധം

1. റസീറ്റ് & പേമെന്റ് അക്കൗണ്ട്

2.ഇൻകം & എക്സ്പെന്റിച്ചർ അക്കൗണ്ട്

3. ബാലൻസ് ഷീറ്റ്

4. ഓഡിറ്റ് സാക്ഷ്യപത്രം.

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 22.03.2016 തിയതിയിലെ 28/16 നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലാണ് തയ്യാറാക്കിയിട്ടുള്ളത്. ഫങ്ഷൻ ഫങ്ഷനറി അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കണമെന്ന സർക്കാർ നിർദേശം പാലിക്കപ്പെട്ടിട്ടില്ല. വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിൽ തയ്യാറാക്കിയിട്ടുള്ളതിനാൽ ബജറ്റും ധനകാര്യ പത്രികയും തമ്മിൽ താരതമ്യം ചെയ്യാൻ സാധിച്ചിട്ടില്ല. സാമ്പത്തിക നിയന്ത്രണത്തിനുള്ള ഉപാധിയെന്ന നിലയിൽ ബജറ്റ് തയ്യാറാക്കുമ്പോൾ ഫങ്ഷൻ, ഫങ്ഷനറി അടിസ്ഥാനത്തിൽ ധനകാര്യ പത്രികയുമായി താരതമ്യം ചെയ്യാവുന്ന വിധത്തിൽ തയ്യാറാക്കണമെന്ന് നിർദേശിക്കുന്നു.

# 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 14.07.2017 | തിരിച്ചയച്ചിട്ടില്ല | ബാധകമല്ല |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

2016-17 വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധന ഓഡിറ്റിന്റെ ഭാഗമായി 29.07.2017 ന് പരിശോധിച്ചു. വാർഷിക ധനകാര്യ പത്രികയിന്മേലുള്ള സാക്ഷ്യ പത്രം ഈ റിപ്പോർട്ടിന്റെ അനുബന്ധം 3. ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1) 31.03.2017 ലെ ബാലൻസ് ഷീറ്റ് പ്രകാരം 320200108- റോഡ് മെയിന്റനൻസ് ഫണ്ട്, 320200109-നോൺ റോഡ് മെയിന്റനൻസ് എന്നീ ഹെഡുകളിൽ യഥാക്രമം 28,50,422 രൂപ, 19,64,700 രൂപ എന്നിങ്ങനെ നീക്കിയിരിപ്പ് കാണുന്നു. സഞ്ചിത നിധിയിൽ നിന്നും നേരിട്ട് പിൻവലിച്ച് ചെലവഴിക്കുന്ന ഈ ഫണ്ടുകളിൽ നീക്കിയിരിപ്പുള്ള ബാദ്ധ്യത ഉണ്ടാവില്ല. ഈ ഫണ്ടുകളിൽ നിന്നുള്ള ചെലവുകൾ പൂർണമായി അക്കൗണ്ട് ചെയ്യാത്തതിനാലാണ് ഇങ്ങനെ സംഭവിച്ചിട്ടുള്ളത്.

2) 31.03.2017 ലെ ബാലൻസ് ഷീറ്റിൽ 320100121-centrally sponsored scheme-ICDS എന്ന ഹെഡിൽ 20,99,736 രൂപ നീക്കിയിരിപ്പ് ബാദ്ധ്യത കാണുന്നു. മുന്നിരിപ്പ് 64,951 രൂപയും തൻ വർഷ വരവ് 20,59,785 രൂപയുമടക്കം ലഭ്യമായ 21,24,736 രൂപയിൽ 25,000 രൂപ മാത്രമാണ് 2016-17 ൽ ചെലവ് കാണിച്ചിട്ടുള്ളത്. പ്രോജക്റ്റ് നം. 32/17- പൂരക പോഷകാഹാര പദ്ധതിക്കായി 2016-17 ൽ ചെലവ് ചെയ്ത 9,46,019 രൂപ ഈ ഹെഡിൽ കാണിച്ചിട്ടില്ല.

3) ശുചിത്വ മിഷനിൽ നിന്നും 2016-17 ൽ ലഭിച്ച 31,11,706 രൂപ 2 വ്യത്യസ്ത ഹെഡുകളിൽ വരവു വച്ചു കാണുന്നു. 320100115- centrally sponsored scheme-TSC എന്ന ഹെഡിൽ 16,78,363 രൂപയും ബാക്കി 14,33,343 രൂപ 320200322- Grants from suchitwa mission എന്ന ഹെഡിലും വരവു വച്ചു കാണുന്നു.

4) 320300199-Grants funds, contributions for specific purposes-other govt.Agencies എന്ന ഹെഡിൽ 31.03.2017 ൽ 6,80,333 രൂപ നീക്കിയിരിപ്പ് ബാദ്ധ്യത കാണുന്നു. ഈ തുകയുടെ വിശദ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

5) 320700204-contributions for joint venture projects- from block panchayats എന്ന ഹെഡിൽ 31.03.2017 ൽ 13,76,000 രൂപ നീക്കിയിരിപ്പ് ബാദ്ധ്യത കാണുന്നു. വെളിയിട വിസർജന വിമുക്ത പദ്ധതിക്കായി കാസറഗോഡ് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയാണ് ഈ ഹെഡിൽ കൈകാര്യം ചെയ്തത്. എന്നാൽ 2016-17 ൽ വെളിയിട വിസർജന വിമുക്ത പദ്ധതിക്കായി കാസറഗോഡ് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച 10,76,000 രൂപ 2016-17 ൽ തന്നെ ചെലവഴിച്ചിട്ടുണ്ട്. ഈ ചെലവ് അക്കൗണ്ട് ചെയ്തതായി കാണുന്നില്ല. ഈ ഹെഡിൽ 2016-17 വർഷം മുന്നിരിപ്പ് കാണിച്ചിട്ടുള്ള 3,00,000 രൂപയുടെ വിശദ വിവരങ്ങൾ ലഭ്യമാക്കിയിട്ടുമില്ല.

6) 2016-17 ൽ വിവിധ പദ്ധതികളിലായി 12,24,029 രൂപ ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുക്കുകയും

ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ വരവു ചെലവു കണക്കുകളിൽ 1,40,900 രൂപയുടെ വരവും ചെലവും 27,000 രൂപയുടെ നീക്കിയിരിപ്പും മാത്രമാണ് കാണിച്ചിട്ടുള്ളത്.

7) 31.03.2017 ലെ ബാലൻസ് ഷീറ്റിൽ 412010101- capital work in progress എന്ന ഹെഡിൽ 62,32,481 രൂപ ആസ്തി കാണുന്നു. എന്നാൽ ഈ തുകയുടെ വിശദ വിവരങ്ങൾ ലഭ്യമല്ല.

8) 430100103- closing stock-stores എന്ന ഹെഡിൽ 36,433 രൂപ നീക്കിയിരിപ്പ് കാണുന്നു. എന്നാൽ സ്റ്റോക്കിന്റെ മൂല്യ നിർണയം നടത്തിയതായി കാണുന്നില്ല.

9) പഞ്ചായത്തിന്റെ തനതു വരുമാന ഇനങ്ങളുടെ ഡിമാന്റ്, കളക്ഷൻ, കുടിശ്ശിക വിവരങ്ങൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള രേഖകളുമായി പൊരുത്തപ്പെടുന്നില്ല.

എ) വസ്തു നികുതി-

1. വാർഷിക ധനകാര്യ പത്രിക പ്രകാരം 23,44,116 രൂപയാണ് തൻവർഷ വരുമാനം. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം തൻവർഷ ഡിമാന്റ് 35,70,377 രൂപയാണ്.

2. വാർഷിക ധനകാര്യ പത്രിക പ്രകാരം 17,41,174 രൂപയാണ് തൻവർഷ പിരിവ്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം തൻവർഷ പിരിവ് 16,78,924 രൂപയാണ്.

3. വാർഷിക ധനകാര്യ പത്രിക പ്രകാരം 6,28,842 രൂപയാണ് തൻവർഷ കുടിശ്ശിക. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം തൻവർഷ കുടിശ്ശിക 17,76,743 രൂപയാണ്.

4. വാർഷിക ധനകാര്യ പത്രിക പ്രകാരം വസ്തു നികുതി കുടിശ്ശിക മുന്നിരിപ്പ് 13,22,392 രൂപയിൽ 9,77,302 രൂപ പിരിച്ചെടുത്തതായും 3,45,090 രൂപ നീക്കിയിരിപ്പുള്ളതായും കാണുന്നു. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം കുടിശ്ശിക മുന്നിരിപ്പ് 44,51,101 രൂപയും പിരിവ് 8,58,283 രൂപയും നീക്കിയിരിപ്പ് 37,62,580 രൂപയുമാണ്.

ബി)- വ്യാപാരികളിൽ നിന്നുള്ള തൊഴിൽ നികുതി-

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം വ്യാപാരികളിൽ നിന്നുള്ള തൊഴിൽ നികുതി ഡിമാന്റും പിരിവും 4,84,260 രൂപയാണ്. ധനകാര്യ പത്രിക പ്രകാരം വരുമാനം രേഖപ്പെടുത്തിയിരിക്കുന്നത് 4,25,230 രൂപയാണ്. ഇതിൽ 3,44,580 രൂപ പിരിവുണ്ട്. എന്നാൽ 31.03.2017 ലെ ബാലൻസ് ഷീറ്റിൽ 1,940 രൂപ മാത്രമേ നീക്കിയിരിപ്പ് കാണുന്നുള്ളൂ.

സി) ഉദ്യോഗസ്ഥരിൽ നിന്നുള്ള തൊഴിൽ നികുതി-

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം ഉദ്യോഗസ്ഥരിൽ നിന്നുള്ള തൊഴിൽ നികുതി ഡിമാന്റും പിരിവും 15,75,280 രൂപയാണ്. കുടിശ്ശികയില്ല. എന്നാൽ ധനകാര്യ പത്രിക പ്രകാരം പിരിവ് 15,88,130 രൂപ മാത്രമാണ്.

ഡി) ഡി. & ഒ. ലൈസൻസ് ഫീസ്-

ഡി.&ഒ. ലൈസൻസ് ഫീസ് രജിസ്റ്റർ പ്രകാരം ഡിമാന്റും പിരിവും 1,33,925 രൂപയാണ്. എന്നാൽ ധനകാര്യ പത്രികയിൽ ഡിമാന്റ് 1,33,925 രൂപയും പിരിവ് 1,00,125 രൂപയുമാണ്. പക്ഷേ ബാലൻസ് ഷീറ്റ് പ്രകാരം കറന്റ് കുടിശ്ശിക കാണുന്നില്ല.

ഇ) വാടക രജിസ്റ്റർ പ്രകാരം തൻവർഷം 8,02,882 രൂപ വരുമാനം ഉണ്ട്. ഇത്ര തന്നെ പിരിച്ചെടുത്തിട്ടുമുണ്ട്. എന്നാൽ വാടക വരവിന് വർഷാരംഭത്തിൽ അക്രൂവൽ വരുമാനം രേഖപ്പെടുത്തിയിട്ടില്ല. അക്രൂവൽ വരുമാനം രേഖപ്പെടുത്താതെ 431400101 എന്ന ഹെഡിൽ 8,10,262 രൂപ പിരിവ് രേഖപ്പെടുത്തിയതിനാൽ ബാലൻസ് ഷീറ്റിൽ 431400101 എന്ന ഹെഡിൽ മൈനസ് തുക കാണുന്നു. അതു പോലെത്തന്നെ വർഷാരംഭത്തിൽ വാടക കുടിശ്ശിക നീക്കിയിരിപ്പിനെ ജേണൽ എൻട്രി മുഖേന കുടിശ്ശിക മുന്നിരിപ്പ് ആക്കി മാറ്റിയിട്ടില്ല. എന്നാൽ കുടിശ്ശിക പിരിവ് 431400102 എന്ന ഹെഡിൽ ചേർക്കുകയും ചെയ്തു കാണുന്നു. ആയതിനാൽ ബാലൻസ് ഷീറ്റിൽ 431400102 എന്ന ഹെഡിൽ മൈനസ് കാണുന്നു. 431400198 എന്ന ഹെഡിലും (other rents receiveble- current ) ഇതേ അപാകത ആവർത്തിച്ചതായി കാണുന്നു.

10) കാസറഗോഡ് ജില്ലാ പഞ്ചായത്തിൽ നിന്നും തണൽ ഭവന പദ്ധതിക്കു വേണ്ടി 08.04.216 ന് ലഭിച്ച 7,50,000

രൂപയും 16.03.2017 ന് ലഭിച്ച 2,50,000 രൂപയും 320700405-contributions for other specific purposes- from district panchayats എന്ന ഹെഡിലാണ് ചേർത്തു കാണുന്നത്. ഈ പദ്ധതിക്കായി 2016-17 വർഷത്തിൽ 2,75,000 രൂപ പഞ്ചായത്ത് ചെലവ് ചെയ്തിട്ടുണ്ട്. എന്നാൽ ഈ ചെലവ് ഈ ഹെഡിൽ രേഖപ്പെടുത്തിക്കാണുന്നില്ല.

11) 2016-17 വർഷത്തെ ബഡ്ജറ്റ് ഫങ്ഷൻ, ഫങ്ഷനറി അടിസ്ഥാനത്തിൽ അല്ല തയ്യാറാക്കിയിട്ടുള്ളത്. ബഡ്ജറ്റ് തയ്യാറാക്കലിൽ പഴയ സമ്പ്രദായം തുടർന്നു പോരുകയാണ്.

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,54,38,995 |
| വരവ് | 12,04,59,123 |
| ആകെ | 13,58,98,118 |
| ചെലവ് | 11,68,07,677 |
| നീക്കിയിരിപ്പ് | 1,90,90,441 |

മേൽ വരവു ചെലവുകളിൽ തൊഴിലുറപ്പ് പദ്ധതിയിലെ ഇ.എഫ്.എം.എസ്. തുകയായ 1,92,79,432 രൂപയും പെൻഷൻ ഡി.ബി.ടി. തുകയായ 3,87,68,995 രൂപയും ഉൾപ്പെടുന്നു.

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | - | 1,93,57,250 | 1,93,57,250 | 1,93,57,250 | - |
| വികസനഫണ്ട് എസ്.സി.പി. | - | 37,98,157 | 37,98,157 | 37,98,157 | - |
| വികസനഫണ്ട് ടി.എസ്.പി. | - | 20,41,963 | 20,41,963 | 20,41,963 | - |
| 14ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | 54,48,037 | 54,48,037 | 54,48,037 | - |
| പെർഫോമൻസ് ഗ്രാന്റ് (കേന്ദ്രം) | - | 5,28,902 | 5,28,902 | 5,28,902 | - |
| പെർഫോമൻസ് ഗ്രാന്റ് (സംസ്ഥാനം) | - | 2,91,095 | 2,91,095 | 2,91,095 | |
| സംരക്ഷണഗ്രാന്റ് | - | 28,50,422 | 28,50,422 | 28,50,422 | - |

| | | | | | |
|---|---|---|---|---|---|
| റോഡ് | | | | | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | - | 19,64,700 | 19,64,700 | 19,64,700 | - |
| തൊഴിലുറപ്പ് പദ്ധതി | 5,245 | 2,03,33,845 | 2,03,39,090 | 2,02,87,902 | 51,118 |
| ബി. ഫണ്ട് | - | 4,02,24,595 | 4,02,24,595 | 4,02,24,595 | - |

തൊഴിലുറപ്പ് പദ്ധതിയിലെ ഇ.എഫ്.എം.എസ്. തുക- 1,92,79,432 രൂപ

പെൻഷൻ ഡി.ബി.ടി. തുക- 3,87,68,995

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 346 | 11,23,36,614 | 167 | 4,36,77,548 | 44 | 179 | 35.54 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ - ഇല്ല

നടപ്പിലാക്കിയ പ്രോജക്റ്റുകളുടെ നിർവഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ | | നടപ്പിലാക്കിയ പ്രോജക്റ്റുകൾ | | ചെലവു ശതമാനം |
|---|---|---|---|---|---|---|
| | | എണ്ണം | തുക | എണ്ണം | തുക | |
| 1 | കൃഷി ഓഫീസർ | 8 | 52,09,978 | 8 | 47,52,742 | 91.22% |
| 2 | വെറ്റിനറി സർജൻ | 6 | 27,05,900 | 5 | 8,66,947 | 32.03% |
| 3 | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി. | 1 | 5,50,000 | 1 | 5,30,984 | 96.54% |
| 4 | മെഡിക്കൽ ഓഫീസർ, ആയുർവേദം | 3 | 5,35,000 | 3 | 5,25,550 | 98.23% |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 10 | 86,18,500 | 8 | 59,62,500 | 69.18% |

| | | | | | | |
|---|---|---|---|---|---|---|
| 6 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 9 | 59,24,248 | 8 | 55,07,650 | 92.96% |
| 7 | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 25 | 63,49,355 | 13 | 42,96,805 | 67.67% |
| 8 | അസിസ്റ്റന്റ് എഞ്ചിനീയർ | 281 | 8,13,47,937 | 118 | 2,01,38,674 | 24.75% |
| 9 | ഹെഡ് മാസ്റ്റർ | 3 | 10,95,696 | 3 | 10,95,606 | 100% |

## 1-7 തനത് വരുമാനം

മുൻവർഷത്തെ അപേക്ഷിച്ച് സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 43,47,728 | 46,62,490 | (+)3,14,762 |
| നികുതിയേതര വരവുകൾ | 17,04,618 | 17,73,700 | (+)69,082 |
| മറ്റുവരവുകൾ | 1,593 | 60,591 | (+)58,998 |
| ആകെ | 60,53,939 | 64,96,781 | (+)4,42,842 |

ഇനം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ഇനം | മുൻ വർഷം | തൻ വർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| വസ്തു നികുതി (കുടിശ്ശിക പിരിവ് ഉൾപ്പെടെ) | 24,94,848 | 26,69,310 | 1,74,462 | |
| തൊഴിൽ നികുതി (വ്യാപാരികൾ, സ്ഥാപനങ്ങൾ) (കുടിശ്ശിക പിരിവ് ഉൾപ്പെടെ) | 3,50,300 | 4,05,050 | 54,750 | |
| തൊഴിൽ നികുതി (ജീവനക്കാർ) | 15,02,580 | 15,88,130 | 85,550 | |
| ആകെ നികുതി വരവ് | 43,47,728 | 46,62,490 | (+)3,14,762 | (+)7.24 |
| ലൈസൻസ് ഫീസ് (കുടിശ്ശിക പിരിവ് ഉൾപ്പെടെ) | 97,070 | 1,09,725 | 12,655 | |
| ബസ് സ്റ്റാന്റ് വരവ് | 1,25,000 | 62,000 | (-)63,000 | |

| | | | | |
|---|---|---|---|---|
| വാടക വരവ് | 7,79,657 | 8,58,083 | 78,426 | |
| മാർക്കറ്റ് വരവ് | 1,70,000 | 1,65,600 | (-)4,400 | |
| ഫീസുകൾ, ഫൈനുകൾ, യൂസർ ചാർജ്ജുകൾ | 4,93,691 | 5,44,607 | 50,916 | |
| ടെണ്ടർ ഫോറങ്ങളുടെയും മറ്റു ഫോറങ്ങളുടെയും വിറ്റു വരവ് | 30,000 | 7,300 | (-)22,700 | |
| മറ്റു വിൽപന വരവുകൾ | - | 620 | 620 | |
| ആമ്പുലൻസ് വരവ് | 1,400 | 25,765 | 24,365 | |
| പ്രദർശന നികുതി | 400 | - | (-)400 | |
| വിനോദ നികുതി | 7,400 | - | (-)7,400 | |
| ആകെ നികുതിയേതര വരവ് | 17,04,618 | 17,73,700 | (+)69,082 | (+)4.05 |
| ബാങ്ക് അക്കൗണ്ടുകളിൽ ലഭിച്ച പലിശ | 1,593 | 60,591 | (+)58,998 | |
| ആകെ തനതു വരുമാനം | 60,53,939 | 64,96,781 | (+)4,42,842 | (+)7.31 |

## 1-8 ക്ഷേമ പദ്ധതികൾ

വിവിധ ക്ഷേമ പദ്ധതികൾക്കായി 2016-17 വർഷം ലഭിച്ച അപേക്ഷകളിന്മേൽ കൈക്കൊണ്ട നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി | 2016-17 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസങ്ങൾക്കകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസമുണ്ടെങ്കിൽ പരിഹാരം |
|---|---|---|---|---|---|
| 1 | തൊഴിൽ രഹിത വേതനം | 18 | 18 | 12 | - |
| 2 | കർഷക തൊഴിലാളി പെൻഷൻ | 4 | 4 | 1 | - |
| 3 | വിധവാ പെൻഷൻ | 227 | 227 | 18 | - |
| 4 | വാർദ്ധക്യകാലപെൻഷൻ | 476 | 476 | 76 | - |

| | | | | | |
|---|---|---|---|---|---|
| 5 | വികലാംഗ പെൻഷൻ | 24 | 23 | 2 | - |
| 6 | 50 വയസ്സിൽ കൂടിയ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 8 | 8 | 3 | - |

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,05,600 | 12 |
| കർഷകതൊഴിലാളി പെൻഷൻ | 22,30,570 | 295 |
| വിധവാപെൻഷൻ | 1,27,02,000 | 1360 |
| വാർദ്ധക്യകാലപെൻഷൻ | 2,01,37,715 | 1706 |
| വികലാംഗപെൻഷൻ | 33,64,990 | 356 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 12,90,000 | 34 |
| 50 വയസ്സിൽ കൂടിയ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3,33,720 | 10 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.07.2017 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 16,840/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയതീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28-02-2014 മുതൽ 14-03-2014 വരെ | 2008-09 മുതൽ 2012-2013വരെ | 15-05-2014 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വിവിധോദ്ദേശ ഫണ്ടിന്റെ 4 ഗഡുക്കൾ പഞ്ചായത്ത് നഷ്ടപ്പെടുത്തി

2016-17 വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം ബദിയടുക്ക ഗ്രാമപഞ്ചായത്തിനുള്ള വിവിധോദ്ദേശ ഫണ്ട് വിഹിതം 1,04,66,000 രൂപയാണ്. 12 ഗഡുക്കളായി ഈ തുക പഞ്ചായത്തിന്റെ പേരിൽ കാസറഗോഡ് സബ് ട്രഷറിയിലുള്ള സ്പെഷൽ ടി.എസ്.ബി. അക്കൗണ്ടിൽ (നം. 14/28) വരവു വരേണ്ടതായിരുന്നു. എന്നാൽ ഈ അക്കൗണ്ടിന്റെ പാസ് ബുക്ക് പരിശോധിച്ചതിൽ നാളിതു വരെ 8,72,165 രൂപയുടെ 8 ഗഡുക്കൾ മാത്രമേ ഈ അക്കൗണ്ടിൽ വരവു വച്ചിട്ടുള്ളൂ. (ആകെ 69,77,320 രൂപ). ഇത്രയും തുക മാത്രമേ പഞ്ചായത്തിന്റെ വാർഷിക കണക്കുകളിലും വരവു വച്ചിട്ടുള്ളൂ. ചുവടെ ചേർത്ത നാലു ഗഡുക്കൾ പഞ്ചായത്തിന് അലോട്ട്മെന്റ് ആയി ലഭിച്ചിരുന്നെങ്കിലും ഇവ ട്രഷറിയിൽ സമർപ്പിച്ച് യഥാസമയം പഞ്ചായതതിന്റെ ട്രഷറി അക്കൗണ്ടിൽ വരവു വയ്പിക്കുന്നതിൽ പഞ്ചായത്ത് അധികൃതരുടെ ഭാഗത്തു നിന്നും വീഴ്ച സംഭവിച്ചതായി കാണുന്നു. അതു കൊണ്ട് ബജറ്റിൽ വകയിരുത്തിയ തുകയിൽ നിന്ന് 34,88,680 രൂപ പഞ്ചായത്തിന് നഷ്ടപ്പെട്ടിരിക്കുകയാണ്.

| ക്രമ നം | ഫണ്ട് അനുവദിച്ച കൊണ്ടുള്ള സർക്കാർ ഉത്തരവ് | അനുവദിച്ച തുക |
|---|---|---|
| 1 | സ.ഉ.(സാധാ)നം.9853/16/ഫിൻ, തിയതി 22.12.2016 | 8,72,165 |
| 2 | സ.ഉ.(സാധാ)നം.10008/16/ഫിൻ, തിയതി 27.12.2016 | 8,72,165 |
| 3 | സ.ഉ.(സാധാ)നം.861/17/ഫിൻ, തിയതി 03.02.2017 | 8,72,165 |
| 4 | സ.ഉ.(സാധാ)നം.2376/17/ഫിൻ, തിയതി 23.03.2017 | 8,72,185 |
| | ആകെ | 34,88,680 |

വിവിധോദ്ദേശ ഫണ്ട് നഷ്ടപ്പെടുത്തിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 2-2 വസ്തു നികുതി വൻ കുടിശ്ശിക

31.03.2017 ലെ ബാലൻസ് ഷീറ്റ് പ്രകാരം വസ്തു നികുതി കുടിശ്ശിക തൻവർഷം 6,28,842/- രൂപയും മുൻവർഷങ്ങളിലെ കുടിശ്ശിക 3,45,090/- രൂപയുമാണ്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം വസ്തു നികുതി കുടിശ്ശിക തൻവർഷം 17,76,743/- രൂപയും മുൻവർഷങ്ങളിലെ കുടിശ്ശിക 37,62,580/- രൂപയുമാണ്. വാർഷിക കണക്കുകളും പരിശോധനയ്ക്ക് ലഭ്യമാക്കിയ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള കണക്കുകളും തമ്മിൽ വ്യത്യാസം കാണുന്നു. സോഫ്റ്റ്‌വെയർ വ്യത്യാസത്തിലെ അവ്യക്തത തുടരുന്നുണ്ട്. ആയത് അടിയന്തിരമായി പരിഹരിക്കേണ്ടാതണ്.ഈ സാഹചര്യത്തിൽ വസ്തു നികുതിയിനത്തിലെ കുടിശ്ശിക പിരിച്ചെടുക്കാനുള്ള ഊർജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 2-3 മൊബൈൽ ടവറുകളുടെ വസ്തുനികുതി പിരിച്ചെടുത്തിയിട്ടില്ല.

ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്രമീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ എസ്.ആർ.ഓ.നമ്പർ 36/2011 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. ഈ നിരക്കുകൾ 2011ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വന്നതാണ്.

ബദിയഡുക്ക ഗ്രാമപഞ്ചായത്തിന്റെ 28.12.2011ലെ തീരുമാനം നമ്പർ 3 പ്രകാരം മൊബൈൽ ടവറുകളുടെ വസ്തുനികുതി, ചതുരശ്രമീറ്ററിന് 500/-രൂപയായി നിർണ്ണയിക്കുകയും, 2012-2013 സാമ്പത്തിക വർഷം മുതൽ പുതുക്കിയ നിരക്കിൽ നികുതി ഈടാക്കുന്നതിന് തീരുമാനിക്കുകയുമുണ്ടായി. പഞ്ചായത്ത്

പരിധിയിൽ പ്രവർത്തിക്കുന്ന ഭൂരിഭാഗം മൊബൈൽ ടവറുകളിൽ നിന്നും 2016-17 വർഷം വസ്തുനികുതി പിരിച്ചെടുത്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ആയത് പിരിച്ചെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

| ക്രമ നം | ഓപ്പറേറ്റർ / ഉടമ | കെട്ടിട നമ്പർ | വിസ്തീർണ്ണം @ m2 | വസ്തു നികുതി കുടിശ്ശിക | വസ്തു നികുതി കുടിശ്ശിക തൻ വർഷം | ആകെ കുടിശ്ശിക |
|---|---|---|---|---|---|---|
| 1 | എസ്സാർ ടെലികോം ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് | V/88 | 12 | 30,090/- | 5,040/- | 35,130/- |
| 2 | വൊഡാഫോൺ-എസ്സാർ | 8/290/A | 12 | 18,144/- | 5,040/- | 23,184/- |
| 3 | ഭാരതി ഏയർട്ടെൽ | 9/521/A | 12 | 16,490/- | 5,040/- | 21,530/- |
| 4 | UITLഇൻഫ്രാസ്ട്രക്ച്ചർ | 10/125/B | nil | 0 | 0 | 0 |
| 5 | ഇൻഡസ് ടവേഴ്സ് | 13/15/A | 12 | 16,176/- | 5,040/- | 21,216/- |
| 6 | ഭാരതി ഏയർട്ടെൽ | 13/196/A | 12 | 16,490/- | 5,040/- | 21,530/- |
| 7 | ഇൻഡസ് ടവേഴ്സ് | 13/206/A | 12 | 550/- | 550/- | 1100/- |
| 8 | Tata Tele services. | 14/402 | 12 | 14,326/- | 4,410/- | 18,736/- |
| 9 | റിലയൻസ് | 15/85/A | 12 | 25,252/- | 5,040/- | 30,292/- |
| 10 | ഐഡിയ സെല്ലുലാർ | 17/123/B | 12 | 19,808/- | 6,300/- | 26,108/- |
| 11 | ഭാരതി ഏയർട്ടെൽ | 17/398 | 12 | 17,010/- | 5,670/- | 22680/- |
| 12 | India telecom infra Ltd. | 17/564/A | 12 | 33,870/- | 6,300/- | 40,170/- |
| 13 | ഇൻഡസ് ടവേഴ്സ് | 19/100/A | 12 | 1,271/- | 1,271/- | 2,542/- |
| 14 | ഇൻഡസ് ടവേഴ്സ് | 2/135/A | 12 | 1,654/- | 1,654/- | 3,308/- |
| | ആകെ | | | 2,11,131/- | 56,395/- | 2,67,526/- |

## 2-4 ബി.എസ്.എൻ.എൽ സ്ഥാപനത്തിന്റെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

WP(C) No.16670/06 നമ്പർ കേസിന്റെ അന്തിമ വിധിയിൽ സ്ഥാപന തൊഴിൽനികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ. സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം കോടതി തള്ളിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ. സ്ഥാപനത്തിൽ നിന്നും നികുതി ഈടാക്കേണ്ടതായിരുന്നു. എന്നാൽ 2016-17 വർഷത്തിൽ രണ്ട് അർദ്ധവർഷങ്ങളിലും നികുതി ഈടാക്കിയിട്ടില്ല. നികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 03/28.07.2017).

## 2-5 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2016-17 വർഷത്തിൽ താഴെക്കൊടുത്തിരിക്കുന്ന ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതിയും, സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽനിന്നുമുള്ള തൊഴിൽ നികുതിയും ഈടാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി അടവാക്കേണ്ട കാലയളവ് |
|---|---|---|
| 1 | ബദിയടുക്ക പഞ്ചായത്ത് അഗ്രികൾച്ചറിസ്റ്റ് വെൽഫെയർ സൊസൈറ്റി. | 2016-17രണ്ട് അർദ്ധവർഷങ്ങളും |
| 2 | കാസറഗോഡ് ഡിസ്ട്രിക്റ്റ് കോ-ഓപ്പേററ്റീവ് റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി. | 2016-17രണ്ട് അർദ്ധവർഷങ്ങളും |
| 3 | കുനിൽ എഡ്യൂക്കേഷൻ സൊസൈറ്റി | 2016-17രണ്ട് അർദ്ധവർഷങ്ങളും |

മേൽ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്നുള്ള തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കുവാനുള്ള നടപടികൾ സ്വീകരിച്ച് ആയതിന്റെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 2-6 ഡി. ആന്റ് ഒ. ലൈസൻസ് പുതുക്കലും ഫീസ് പിരിവും- അപാകതകൾ

സ്വയംഭരണ അധികാരമുള്ള പഞ്ചായത്തിന്റെ ഏതെങ്കിലുമൊരു സ്ഥലം മനുഷ്യന്റെ ജീവനോ സ്വത്തിനോ ആരോഗ്യത്തിനോ അപകടകരമാകാനിടയുള്ള കാര്യങ്ങൾക്ക് ഉപയോഗിക്കുകയാണെങ്കിൽ സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു. (കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232). സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് ലൈസൻസ് പുതുക്കേണ്ടതും പുതുതായി ആരംഭിക്കുന്നവയുടെ കാര്യത്തിൽ തുടങ്ങുന്നതിന് 30 ദിവസം മുമ്പും ലൈസൻസിന് അപേക്ഷിക്കേണ്ടതുണ്ട്. പ്രവർത്തിക്കാനാവശ്യമായ ലൈസൻസ് നിശ്ചിത ഫീസീടാക്കിയാണ് (പട്ടിക II, III & IV) പഞ്ചായത്ത് നൽകേണ്ടത് (ചട്ടം 10).

2016-17 സാമ്പത്തിക വർഷത്തെ ലൈസൻസ് സംബന്ധിച്ച സംക്ഷിപ്തം.

| | പുതുക്കുന്നതിനു വേണ്ടി അപേക്ഷിച്ചവർ | | | |
|---|---|---|---|---|
| പുതിയതായി അപേക്ഷിച്ചവർ | നിശ്ചിത സമയത്തിനുള്ളിൽ പുതുക്കിയവർ | ചട്ടപ്രകാരമുള്ള സമയംപാലിക്കാതെ വൈകി പുതുക്കിയവർ | പുതുക്കാത്ത അപേക്ഷകർ | ആകെ |

| | | | | |
|---|---|---|---|---|
| 70 | 226 | 313 | --- | 609 |

ഗ്രാമ പഞ്ചായത്തിലെ 19 വാർഡുകളിലെ കച്ചവട സ്ഥാപനങ്ങളിൽ ലൈസൻസ് എടുത്തവരുടെ എണ്ണം കുറവാണ്. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ കച്ചവട സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് വേണ്ടി കേരളാ പഞ്ചായത്ത് രാജ് വകുപ്പ് 205 ബി. അനുസരിച്ച് നികുതിക്ക് വിധേയരായവരുടെ ലിസ്റ്റ് കെട്ടിട /ഭൂമിയുടെ ഉടമസ്ഥനോട് ആവശ്യപ്പെടാവുന്നതും ആയത് ഉറപ്പ് വരുത്തേണ്ടതുമാണ്. എന്നാൽ 2016-17 ൽ ലൈസൻസ് പുതുക്കുന്നതിന വേണ്ടി ലഭിച്ച അപേക്ഷകളിൽ 51%വും നിശ്ചിത സമയത്തിന ശേഷമാണ് പുതുക്കിയിട്ടുള്ളത്. ഇത് സെക്ഷൻ കൈകാര്യം ചെയ്ത ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്ന് വന്ന വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. മാത്രവുമല്ല പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധ്യമല്ല. അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുക എന്ന രീതിയാണ് പഞ്ചായത്ത് അവലംബിച്ചിരിക്കുന്നത്. നിശ്ചിത സമയത്ത് ലൈസൻസ് പുതുക്കാത്തവരിൽ നിന്ന് ചട്ടപ്രകാരമുള്ള നടപടികളെടുത്തതായി ബന്ധപ്പെട്ട ഫയലിൽ ലഭ്യമല്ല. ഇത് മൂലം സാമ്പത്തിക വർഷം ആരംഭിക്കുന്നതിന്റെ ഒരു മാസം മുന്നേ ലഭിക്കേണ്ട അപേക്ഷകൾ ലഭിക്കാതിരിക്കുകയും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്യുന്നു. ഇതു തിരിച്ചറിയപ്പെടാതെ പോകുന്നതുമൂലം അനുമതി ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്ന സാഹചര്യം ഉടലെടുക്കുകയും നിയമപ്രകാരമല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുന്നതിന കാരണമാകുകയും ചെയ്യുന്നു.

അപേക്ഷകളിലെ അന്വേഷണവും തുടർ നടപടികളും

സ്ഥാപനത്തെ പറ്റിയുള്ള പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്താത്ത അപേക്ഷകൾ സൂക്ഷ്മ പരിശോധന കൂടാതെ സ്വീകരിക്കരുത്. അപേക്ഷയിൽ അപേക്ഷ നല്കുന്ന തീയതി, ലൈസൻസ് എന്താവശ്യത്തിനാണ് എന്നത്, തുടങ്ങുവാനുദ്ദേശിക്കുന്ന സ്ഥാപനത്തിന് പ്രത്യേക പേര് ഉണ്ടെങ്കിൽ അത്, ലൈസൻസ് പുതുക്കുവാനാണെങ്കിൽ മുൻവർഷത്തെ ലൈസൻസ് നമ്പരും പേരും, കൂടാതെ ഒരു ദിവസത്തെ വിറ്റുവരവും, യന്ത്രമുപയോഗിച്ചാണങ്കിൽ കുതിരശക്തിയുടെ അളവും രേഖപ്പെടുത്തി സമർപ്പിച്ച അപേക്ഷയാണ് സ്വീകരിക്കേണ്ടത്.

സാനിറ്ററി ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ ലഭ്യത ഉറപ്പാക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിക്കുള്ളിൽ വരുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ മെഡിക്കൽ ഓഫീസർ നൽകുന്ന സാനിട്ടറി ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സാനിട്ടറി ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകുമ്പോൾ ആയത് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തന്റെ പേഴ്സണൽ രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതുണ്ട് (66562/RC3/12/ത.സ്വ.ഭ.വ. തിയ്യതി 10.01.2013).

അപേക്ഷകളിലെ അപാകതകൾ പരിശോധിക്കപ്പെടുന്നില്ല.

പുതുക്കി നൽകുമ്പോൾ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തേണ്ടതും അന്വേഷണ റിപ്പോർട്ട് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. സ്ഥല പരിശോധന നടത്താതെ ലൈസൻസ് പുതുക്കി കൊടുക്കുമ്പോൾ വിറ്റുവരവ് വർദ്ധിച്ചിട്ടുണ്ടോ എന്നും അതു പോലെ അനധികൃതമായി ഒന്നും വിൽപന നടത്തുന്നില്ലാ എന്നും, അപേക്ഷയിൽ പറഞ്ഞ കാര്യങ്ങൾ

ശരിയാണന്ന് ഉറപ്പവരുത്താൻ സാധിക്കാതെ വരുന്നു. നിലവിൽ ഇപ്രകാരമുള്ള നടപടികളിൽ വീഴ്ചയുണ്ടാകുന്നു. സ്ഥലപരിശോധന നടത്തുന്നതിലൂടെ പഞ്ചായത്തിന്റെ ഇടപെടൽ ഈ രംഗത്ത് ഉണ്ടെന്ന് ഉറപ്പ് വരുത്താനും ലൈസൻസ് വിതരണം കാര്യക്ഷമമാക്കുന്നതിനും സാധിക്കുന്നു. ഫെബ്രുവരി മാസത്തിലെ അവസാന പ്രവർത്തന ദിവസം മുൻവർഷം ലൈസൻസ് എടുത്തവർ എല്ലാം പുതുക്കിയിട്ടുണ്ടെന്ന് സെക്ഷൻ ഉറപ്പു വരുത്തേണ്ടതാണ്. പുതുക്കാതെ പ്രവർത്തിക്കുന്നവരുടെ വിവരങ്ങൾ ട്രേഡേഴ്സ് രജിസ്റ്റർ പരിശോധിച്ച് കണ്ടെത്തി നോട്ടീസ് നൽകേണ്ടതാണ്. ലൈസൻസ് പുതുക്കാത്തവരിൽ നിന്നും 1,000 രൂപ പിഴ ഈടാക്കേണ്ടതാണ് (ചട്ടം 26). ലൈസൻസ് വിതരണം കാര്യക്ഷമമാക്കുന്നതിനു വേണ്ടി അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

ചട്ടപ്രകാരമുള്ള സമയപരിധിയിൽ പുതുക്കൽ നടപടി സ്വീകരിക്കേണ്ടതാണ്.

ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് സെക്ഷൻ ഉറപ്പ് വരുത്തേണ്ടതാണ്. ചട്ടലംഘനം നടത്തി ലൈസൻസ് വൈകി പുതുക്കാൻ വരുന്നവരിൽ നിന്നും 255ാം വകുപ്പ് പ്രകാരം നടപടി സ്വീകരിച്ച് കുറ്റമറ്റ രീതിയിൽ ലൈസൻസ് വിതരണം നടത്തേണ്ടതാണ്. വർഷത്തിലുടനീളം ലൈസൻസ് പുതുക്കി കൊടുക്കുക വഴി സെക്ഷന് ജോലി ഭാരം വർദ്ധിക്കുകയും സമയ നഷ്ടവും ഉണ്ടാവുകയും ചെയ്യുന്നു. ഇതിനു പകരം ചട്ടപ്രകാരമുള്ള സമയപരിധി പാലിച്ച് (ഫെബ്രുവരി മാസത്തിൽ) ലൈസൻസ് പുതുക്കുന്ന ഒരു സമ്പ്രദായം നിലവിൽ വരേണ്ടതാണ്.

ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

1998 ലെ കേരളാ പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റെക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും)ചട്ടം3 പ്രകാരം ഗ്രാമ പഞ്ചായത്ത് അതിന്റെ പരിധിയിലുള്ള കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച ട്രേഡേഴ്സ് രജിസ്റ്റർ (വാർഡ് അടിസ്ഥാനത്തിൽ) തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് ഇത്തരത്തിലുള്ള ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചില്ല.

ഇക്കാര്യത്തിൽ അടിയന്തിരമായി പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-7 വസ്തു നികുതി- പൊതു അവലോകനം

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 203, 207, 208, 254 എന്നീ വകുപ്പുകളിലായാണ് ഗ്രാമപഞ്ചായത്തിലെ വസ്തുനികുതിയെ സംബന്ധിച്ച അടിസ്ഥാന കാര്യങ്ങൾ പ്രതിപാദിക്കുന്നത്. ഗ്രാമപഞ്ചായത്തുകളിൽ വസ്തുനികുതിയുമായി ബന്ധപ്പെട്ട നിലവിൽ വന്ന ചട്ടമാണ് 28.03.1996 ലെ സ.ഉ. (അ) നം.73/96/ത.സ്വ.ഭ.വ. പ്രകാരം പുറപ്പെടുവിച്ച 1996 ലെ കെട്ടിട നികുതിയും അതിൻ മേലുള്ള സർചാർജ്ജും ചട്ടങ്ങൾ. ഇത് പ്രകാരം കെട്ടിടങ്ങളുടെ വാർഷിക വാടക മൂല്യത്തെ അടിസ്ഥാനമാക്കിയാണ് വസ്തു നികുതി കണക്കാക്കിയിരുന്നത്. തുടർന്ന് സർക്കാർ ഉത്തരവ് 20/2011/ ത.സ്വ.ഭ.വ. 14.01.2011 പ്രകാരം 2011 ഏപ്രിൽ 1 പ്രാബല്യത്തിൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നു. തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് ഈ ചട്ടപ്രകാരം വസ്തുനികുതി കണക്കാക്കുന്നത്. പുതിയ കെട്ടിടങ്ങൾക്ക് 2011 ഏപ്രിൽ 1 മുതലും, നിലവിലുള്ളവയ്ക്ക് 01.04.2013 പ്രാബല്യത്തിലും മാത്രമേ ഗ്രാമപഞ്ചായത്തുകളിൽ വസ്തു നികുതി പരിഷ്കരണം നിലവിൽ വന്നുള്ളൂ. നിലവിൽ ഗ്രാമപഞ്ചായത്തുകളിൽ വസ്തുനികുതി ഈടാക്കുന്നത് ഈ ചട്ടങ്ങൾ അടിസ്ഥാനമാക്കിയാണ്.

ബദിയഡുക്ക ഗ്രാമപഞ്ചായത്തിൽ 2016-2017 വർഷം വസ്തുനികുതിയിനത്തിൽ പിരിച്ചെടുക്കുവാനുള്ള

തുകകളുടെ കണക്കുകളിൽ വാർഷിക കണക്കുകളും പരിശോധനയ്ക്ക് ലഭ്യമാക്കിയ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള കണക്കുകളും തമ്മിൽ വ്യത്യാസം കാണുന്നു. 2016-17 വാർഷിക ധനകാര്യ പത്രികകൾ (ബി-15 ഷെഡ്യൂൾ) പ്രകാരം പിരിച്ചെടുക്കേണ്ട കുടിശ്ശികയുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| | |
|---|---|
| തൻവർഷം ഡിമാന്റ് പിരിവ് ബാക്കി (ഗാർഹികം) | 6,28,842/- |
| കുടിശ്ശിക ഡിമാന്റ് പിരിവ് ബാക്കി (ഗാർഹികം) | 3,45,090/- |
| ആകെ | 9,73,932/- |

എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ വെയറിൽ നിന്നും ലഭ്യമാക്കിയ സംക്ഷിപ്തം പ്രകാരം പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക 55,39,323/- രൂപയാണ്. (വ്യത്യാസം 45,65,391/- രൂപ.) വ്യത്യാസം വിശദീകരിക്കുന്നതിന് വാർഷിക കണക്കുകളോടൊപ്പം യാതൊരു കുറിപ്പുകളും ഹാജരാക്കിയിട്ടില്ല. കലക്ഷനിലും പോസ്റ്റിംഗിലും സംഭവിച്ച അപാകതകൾ പരിഹരിച്ചാൽ മാത്രമേ മേൽ പ്രകാരമുള്ള വ്യത്യാസം പരിഹരിക്കപ്പെടുകയുള്ളൂ. ഈ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതുണ്ട്.

വസ്തുനികുതിയിനത്തിലുള്ള കുടിശ്ശിക തുക സംബന്ധിച്ച് നടത്തിയ ഓഡിറ്റന്വേഷണത്തിൽ, സ.ഉ.(എം.എസ്.) 144/2/ത.സ്വ.ഭ.വ. തീയതി 27.04.15,സ.ഉ. (എം.എസ്.) 358/2015/ത.സ്വ.ഭ.വ. തീയതി 16.12.15 പ്രകാരവും വസ്തുനികുതി പരിഷ്കരണം/ പുനക്രമീകരണം നടത്തുന്നതിനാവശ്യമായ മാറ്റങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിന്റെ ഡേറ്റാബേസിലുള്ള എൻട്രികൾ വീണ്ടും ഓരോന്നായി പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. ബദിയഡുക്ക പഞ്ചായത്തിൽ ടി പ്രവർത്തികൾ നടപ്പിൽ വരുത്തിയിട്ടുണ്ട്.

2016-17 വർഷം ഗ്രാമ പഞ്ചായത്തിൽ സാംഖ്യ – സഞ്ചയ ഇന്റഗ്രേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. 2013-14 വർഷത്തിനു മുമ്പുള്ള കുടിശ്ശിക സഹിതമുള്ള വിവരങ്ങൾ സഞ്ചയയിൽ ലഭ്യമാണ്. ഗ്രാമ പഞ്ചായത്തിലെ പുതിയ നികുതിദായകർക്ക്(Plinth Area)14.01.2011തീയ്യതി മുതലും നിലവിലുള്ള നികുതിദായകർക്ക്(ARV)2013-14 വർഷം മുതലും പരിഷ്ക്കരിച്ച വസ്തുനികുതി പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. പുതിയ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം നടത്തിയപ്പോൾ അവയ്ക്ക് വരുത്തിയ ഘടനാപരമായ മാറ്റങ്ങൾ, കൂട്ടിച്ചേർക്കലുകൾ എന്നിവ ബന്ധപ്പെട്ട ജീവനക്കാർ ഫീൽഡ് പരിശോധന നടത്തി ഉറപ്പ് വരുത്തിയിട്ടുണ്ട്. കെട്ടിട ഉടമയിൽ നിന്നും ഫോറം നം. 6 ലഭ്യമാക്കി, ആയതിലെ വിവരങ്ങളെ അടിസ്ഥാനമാക്കിയാണ് വസ്തുനികുതി നിർണ്ണയം നടത്തിയത്. ഗ്രാമ പഞ്ചായത്തിൽ ബേസ് ഡാറ്റാ എൻട്രി പൂർത്തിയാക്കിയിട്ടുണ്ട്. 60 ച.അടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ, ഉടമകളിൽ നിന്നും സത്യവാങ്മൂലം വാങ്ങിയ ശേഷമാണ് നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്. സഞ്ചയ ഡാറ്റാ എൻട്രി ആരംഭിച്ച് സാംഖ്യ സംയോജനം നടത്തുന്നത് വരെയുള്ള കാലയളവിലെ വിവിധ മാറ്റങ്ങൾ - ഓണർഷിപ്പ് മാറ്റം, നികുതി മാറ്റം, ഒക്കുപ്പൻസി മാറ്റം എന്നിവ സഞ്ചയയിൽ വരുത്തിയിട്ടുണ്ട്. പൊതു ഉപയോഗത്തിനായി നീക്കി വച്ച ഭാഗങ്ങളെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ അനുശാസിക്കും വിധം നികുതി നിർണ്ണയ വിധേയമാക്കിയിട്ടുണ്ട്. കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല,വഴി സൗകര്യം, തറ വിസ്തീർണ്ണം,മേൽക്കൂരയുടെ തരം,കെട്ടിടത്തിന്റെ കാലപഴക്കം,തറ നിർമ്മിതിയുടെ തരം,ഉപയോഗം,സെൻട്രലൈസ്ഡ് എയർ കണ്ടീഷനിംഗ് എന്നീ ഘടകങ്ങൾ കണക്കിലെടുത്താണ് ഇളവുകളും വർദ്ധനവുകളും നൽകിയിട്ടുള്ളത്.

## 2-8 വർഷങ്ങളായി ഇടപാടുകൾ ഒന്നുംതന്നെ ഇല്ലാതെ തുടരുന്ന ബാങ്ക് അക്കൗണ്ടുകൾ.

ബദിയഡുക്ക ഗ്രാമ പഞ്ചായത്തിൽ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് മുൻവർഷങ്ങളിൽ ആരംഭിച്ച വിവിധ ബാങ്ക് അക്കൗണ്ടുകൾ വർഷങ്ങളായി ഇടപാടുകൾ ഒന്നുംതന്നെ ഇല്ലാതെ നിലവിലും തുടരുന്നുണ്ട്. ഇവയിൽ ചില അക്കൗണ്ടുകളിൽ വലിയ തുകകൾ നീക്കിയിരിപ്പായി ശേഷിക്കുന്നുണ്ട്. നിലവിൽ ഇടപാടുകൾ നടത്തുന്നില്ലെങ്കിലും വാർഷിക ധനകാര്യ പത്രികയിൽ മുന്നിരിപ്പിലും നീക്കിയിരിപ്പിലും പ്രസ്തുത അക്കൗണ്ടുകളിലെ തുകകൾ ഉൾപ്പെടുത്തേണ്ട അവസ്ഥയാണുള്ളത്. ഇപ്രകാരം വർഷങ്ങളായി ഇടപാടുകൾ ഒന്നുംതന്നെ ഇല്ലാതെ നിലവിലും തുടരുന്ന ബാങ്ക് അക്കൗണ്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു .

1) പെറഡാല സർവ്വീസ് കോപ്പറേറ്റീവ് ബാങ്കിലെ അക്കൗണ്ട് (അക്കൗണ്ട് നം 3080)

ടോട്ടൽ സാനിറ്റേഷൻ പദ്ധതിയുമായി ബന്ധപ്പെട്ട ഈ അക്കൗണ്ടിൽ31.03.2017 ന് 5,85,251/-രൂപ നീക്കിയിരിപ്പുണ്ട്.ഈ തുക ടോട്ടൽ സാനിറ്റേഷൻ പദ്ധതിയിക്കായി വിനിയോഗിക്കേണ്ടതാണ്. അല്ലങ്കിൽ അക്കൗണ്ട് ക്ലോസ്സ് ചെയ്ത് തുക നൽകിയ സ്ഥാപനത്തിലേക്ക് തിരികെ നൽകേണ്ടതാണ്. .

2.കാസറഗോഡ് ജില്ലാ സഹകരണ ബാങ്കിലെ അക്കൗണ്ട് (അക്കൗണ്ട് നം 30(i).

ഈ അക്കൗണ്ടിൽ( EMS Bhavana Paddathi) 31.03.2017 ന് 289/-രൂപ നീക്കിയിരിപ്പുണ്ട്. ഈ അക്കൗണ്ട് ക്ലോസ്സ് ചെയ്ത് നിലവിലെ നീക്കിയിരിപ്പ് തുക പഞ്ചായത്ത് തനതുഫണ്ടിലേയ്ക്ക് മുതൽക്കൂട്ടേണ്ടതാണ്.

3.പെറഡാല സർവ്വീസ് കോപ്പറേറ്റീവ് ബാങ്കിലെ അക്കൗണ്ട് (അക്കൗണ്ട് നം 4712)

31.03.2017 ന് ഈ അക്കൗണ്ടിൽ 5,01,223/-/-രൂപ നീക്കിയിരിപ്പുണ്ട്. ജില്ലാ പഞ്ചായത്ത് പട്ടിക ജാതി വീട് പദ്ധതിയുമായി ബന്ധപ്പെട്ട ഈ അക്കൗണ്ടിലെ തുക വിനിയോഗിക്കേണ്ടതാണ്. അല്ലങ്കിൽ അക്കൗണ്ട് ക്ലോസ്സ് ചെയ്ത് തുക നൽകിയ സ്ഥാപനത്തിലേക്ക് തിരികെ നൽകേണ്ടതാണ്.

# ഭാഗം-3

# ചെലവ്വ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഫണ്ട് വിനിയോഗം- പദ്ധതികളുടെ നിർവഹണത്തിലെ വീഴ്ച- പദ്ധതിപ്പണം നഷ്ടപ്പെടുന്നു-2016-17 ൽ ലാപ്സായത് 3.05 കോടി രൂപ

വിനിയോഗത്തിൽ പുരോഗതി കൈവരിക്കാനാവാത്തതിനാൽ പഞ്ചായത്തിന് വിവിധ ഫണ്ടുകളായി അലോട്ട്മെന്റ് ലഭിച്ച തുകയിൽ സിംഹഭാഗവും 2016-17 ൽ ലാപ്സായിപ്പോയിട്ടുണ്ട്. വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, പെർഫോമൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീയിനങ്ങളിൽ 6.68 കോടി രൂപ 2016-17 ൽ പഞ്ചായത്തിന് അലോട്ട്മെന്റ് ലഭിച്ചിരുന്നെങ്കിലും ഇതിൽ 3.62 കോടി രൂപ മാത്രമേ പഞ്ചായത്തിന് 31.03.2017 നള്ളിൽ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. 3.05 കോടി രൂപ പദ്ധതി നിർവഹണത്തിലെ കാര്യക്ഷമതയില്ലായ്മ മൂലം ലാപ്സായിപ്പോയി.

ഫണ്ടുകളുടെ അലോട്ട്മെന്റ്, ചെലവ്, ചെലവ് ശതമാനം, സഞ്ചിത നിധിയിലേക്ക് തിരികെ പോയ തുക തുടങ്ങിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | മുന്നിരിപ്പ് | 2016-17 ലെ അലോട്ട്മെന്റ് | മുന്നിരിപ്പും അലോട്ട്മെന്റും ഉൾപ്പെടെ ലഭ്യമായ തുക | ചെലവ് | ചെലവ് ശതമാനം | സഞ്ചിത നിധിയിലേക്ക് തിരികെ പോയ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | ഇല്ല | 1,97,67,328 | 1,97,67,328 | 1,93,57,250 | 97.92% | 4,10,078 |
| വികസനഫണ്ട് എസ്.സി.പി. | ഇല്ല | 67,05,483 | 67,05,483 | 37,98,157 | 56.64% | 29,07,326 |
| വികസനഫണ്ട് ടി.എസ്.പി. | ഇല്ല | 83,76,198 | 83,76,198 | 20,41,963 | 24.38% | 63,34,235 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ഇല്ല | 93,57,683 | 93,57,683 | 54,48,037 | 58.22% | 39,09,646 |
| പെർഫോമൻസ് ഗ്രാന്റ് (കേന്ദ്രം) | ഇല്ല | 44,29,582 | 44,29,582 | 5,28,902 | 11.94% | 39,00,680 |
| പെർഫോമൻസ് ഗ്രാന്റ്(സംസ്ഥാനം) | ഇല്ല | 15,25,823 | 15,25,823 | 2,91,095 | 19.07% | 12,34,728 |
| മെയിന്റനൻസ് ഫണ്ട് -റോഡ് | ഇല്ല | 1,11,90,261 | 1,11,90,261 | 28,50,422 | 52.24% | 83,39,839 |
| മെയിന്റനൻസ് ഫണ്ട്- നോൺറോഡ് | ഇല്ല | 54,56,382 | 54,56,382 | 19,64,700 | 36.01% | 34,91,682 |
| ആകെ | ഇല്ല | 6,68,08,740 | 6,68,08,740 | 3,62,80,526 | 54.31% | 3,05,28,214 |

വികസന ഫണ്ട് ജനറൽ ഒഴികെയുള്ള മറ്റ ഫണ്ടുകളുടെ വിനിയോഗം വളരെ കുറവാണ് എന്ന് മേൽ പട്ടികയിൽ നിന്ന് കാണാം. മെയിന്റനൻസ് ഫണ്ട് (റോഡ്) ഇനത്തിൽ 83.39 ലക്ഷം രൂപയും മെയിന്റനൻസ് ഫണ്ട് ( നോൺ റോഡ്) ഇനത്തിൽ 34.91 ലക്ഷം രൂപയും ലാപ്സായത് ശ്രദ്ധിക്കേണ്ടതുണ്ട്.

വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, പെർഫോമൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീയിനങ്ങളിൽ നിന്നും 2016-17 ൽ നടത്തിയ ചെലവുകൾ നിർവഹണ ഉദ്യോഗസ്ഥർ തിരിച്ച് ചുവടെ ചേർക്കുന്നു.

| ക്രമ നം | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ ആകെ അടങ്കൽ | നടപ്പിലാക്കിയ പ്രോജക്ടുകളുടെ ചെലവ് | ചെലവു ശതമാനം |
|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 35,09,518 | 34,24,638 | 97.58% |
| 2 | വെറ്ററിനറി സർജൻ | 18,10,000 | 7,46,022 | 41.21% |
| 3 | മെഡിക്കൽ ഓഫീസർ, പി. എച്ച്. സി. | 5,50,000 | 5,30,984 | 96.54% |
| 4 | മെഡിക്കൽ ഓഫീസർ, ആയുർവേദം | 5,35,000 | 5,25,550 | 98.23% |

| | | | | |
|---|---|---|---|---|
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 61,10,415 | 40,97,215 | 67.05% |
| 6 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 46,17,132 | 45,32,881 | 98.17% |
| 7 | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 48,48,455 | 40,58,419 | 83.70% |
| 8 | അസിസ്റ്റന്റ് എഞ്ചിനീയർ | 7,06,93,253 | 1,72,69,121 | 24.42% |
| 9 | ഹെഡ് മാസ്റ്റർ | 10,95,696 | 10,95,606 | 100% |
| | ആകെ | 9,37,69,469 | 3,62,80,526 | 38.69% |

മേൽ പട്ടികയിൽ നിന്നും ഫണ്ടുകളുടെ വിനിയോഗത്തിൽ വന്ന കുറവ് ഏതു മേഖലയിലാണ് ഉണ്ടായത് എന്ന് വ്യക്തമാണ്. 7.06 കോടി രൂപ വകയിരുത്തിയ 281 പ്രോജക്ടുകളാണ് അസിസ്റ്റന്റ് എഞ്ചിനീയറെ നിർവഹണത്തിനായി ഏൽപ്പിച്ചത്. 2016-17 കാലയളവിൽ പഞ്ചായത്തിൽ സേവനമനുഷ്ഠിച്ചിരുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് മൂന്നും അതിൽ കൂടുതലും ഒക്കെ സ്ഥാപനങ്ങളുടെ അധിക ചുമതലകൾ കൂടി വഹിക്കേണ്ടി വന്നിരുന്നു. പ്രോജക്ടുകളുടെ എണ്ണത്തിലുള്ള ബാഹുല്യവും റോഡ് ടാറിംഗ്/റീടാറിംഗ് പ്രവൃത്തികൾക്ക് ആവശ്യമായ ടാർ യഥാസമയം വാങ്ങി നൽകാൻ പഞ്ചായത്തിന് കഴിയാതിരുന്നതും അസിസ്റ്റന്റ് എഞ്ചിനീയറുടെ പദ്ധതി നിർവഹണത്തിലും ഫണ്ട് വിനിയോഗത്തിലും വലിയ ഇടിവ് വരുത്താൻ ഇട വരുത്തിയിട്ടുണ്ട്. 118 പദ്ധതികളിലായി കേവലം 1.72 കോടി രൂപ മാത്രമേ അസിസ്റ്റന്റ് എഞ്ചിനീയർക്ക് വിനിയോഗിക്കാൻ സാധിച്ചിട്ടുള്ളൂ.

അസിസ്റ്റന്റ് എഞ്ചിനീയറെ കൂടാതെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, വെറ്ററിനറി സർജൻ എന്നിവരുടെ ഫണ്ട് വിനിയോഗവും കുറവാണ്.

വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, പെർഫോമൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവ ഉൾപ്പെടുത്തി എല്ലാ നിർവഹണ ഉദ്യോഗസ്ഥൻമാർക്കുമായി 9.37 കോടി രൂപയുടെ പ്രോജക്ടുകളാണ് 2016-17 ൽ തയ്യാറാക്കിയത്. എന്നാൽ ഈയിനങ്ങളിലെ സംസ്ഥാന സർക്കാർ ബജറ്റിലെ വകയിരുത്തൽ 6.68 കോടി രൂപ മാത്രമാണ്. ബജറ്റ് വിഹിതങ്ങൾ ശ്രദ്ധിക്കാതെ കൂടിയ തുകകൾക്കുള്ള പ്രോജക്ടുകൾ തയ്യാറാക്കുന്നതിലെ അനൗചിത്യം ശ്രദ്ധയിൽ കൊണ്ടു വരികയാണ്. ഇങ്ങനെ തയ്യാറാക്കിയ പ്രോജക്ടുകൾ ഉപേക്ഷിക്കുന്നതിലും അടുത്ത വർഷങ്ങളിലേക്ക് മാറ്റി വയ്ക്കുന്നതിലും നഷ്ടപ്പെടുന്ന മനുഷ്യാധ്വാനവും പ്രവൃത്തി സമയവും വളരെ കൂടുതലാണ്. വരും വർഷങ്ങളിൽ പദ്ധതികൾ തയ്യാറാക്കുമ്പോൾ പദ്ധതികളുടെ ആവശ്യകത, ഫീസിബിലിറ്റി, ഫണ്ടുകളുടെ ലഭ്യത എന്നീ കാര്യങ്ങൾ കൂടി പരിഗണിക്കണമെന്ന് ഓഡിറ്റിൽ നിർദേശിക്കുന്നു.കൂടാതെ പദ്ധതികൾ പദ്ധതി കലണ്ടർ, സർക്കാർ കാലകാലങ്ങളിൽ നിശ്ചയിക്കുന്ന സമയക്രമം എന്നിവ പാലിച്ചു കൊണ്ട് തയ്യാറാക്കി പദ്ധതി നിർവഹണത്തിന് ആവശ്യമായ സമയം ലഭ്യമാക്കിക്കൊണ്ടു തന്നെ പദ്ധതികൾ നിർവഹണ ഉദ്യോഗസ്ഥരെ ഏൽപ്പിക്കുവാൻ ശ്രദ്ധിക്കണമെന്നും ഓഡിറ്റിൽ നിർദേശിക്കുന്നു.

## 3-2 ഇൻഡോർ സ്റ്റേഡിയം-ഷട്ടിൽ കോർട്ട് നിർമ്മാണം- ഷീറ്റിടുന്ന പ്രവൃത്തിക്ക് അധിക നിരക്ക് അനുവദിച്ചതിനാൽ നഷ്ടം

| | |
|---|---|
| പ്രൊജക്ട് നം. | എസ്.ഒ. 353/16 & 172/17 (ഇൻഡോർ സ്റ്റേഡിയം-ഷട്ടിൽ കോർട്ട് നിർമ്മാണം) |
| അടങ്കൽ | ₹ 25,00,000/- (തനത് ഫണ്ട്) |
| എസ്റ്റിമേറ്റ് | ₹ 25,00,000/-(പാർട്ട്-I ₹10,00,000/- + പാർട്ട്-II ₹ 15,00,000/-) |

<table>
<tr><td>സാങ്കേതികാനുമതി</td><td colspan="2">പാർട്ട്-I ₹ 10,00,000/- No.700/AEE/LSGD/KSD.Dated25.03.2014,<br><br>പാർട്ട്-II ₹ 15,00,000/- No.410/AEE /LSGD/KSD. Dated 28.11.2014<br>അസിസ്റ്റന്റ്-എക്സി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി.<br>സബ് ഡിവിഷൻ, കാസറഗോഡ്</td></tr>
<tr><td>എം. ബുക്ക് നം.</td><td colspan="2">7/15-16</td></tr>
<tr><td>ആകെ അളവ് മൂല്യം</td><td colspan="2">₹ 24,69,094</td></tr>
<tr><td>കരാറുകാരൻ</td><td colspan="2">കെ.എ. ഹസൈനാർ, കൊളാരി ഹൗസ്, ബീഞ്ചത്തടുക്ക.</td></tr>
<tr><td>ക്വോട്ട് ചെയ്ത നിരക്ക്</td><td colspan="2">എസ്റ്റിമേറ്റ് നിരക്കിനേക്കാളും 5.8% കുറവ്.</td></tr>
<tr><td>എഗ്രിമെന്റ് നമ്പർ</td><td colspan="2">7/15-16 തീയതി. 29.07.2015</td></tr>
<tr><td rowspan="2">കരാറുകാരന് നൽകിയ തുക</td><td>₹13,55,273/-</td><td>ട്രഷറി ചെക്ക് നം.1970108 തീ. 30.03.2016 (ചെക്ക് തുക ₹14,41,780/-)</td></tr>
<tr><td>₹5,41,204</td><td>ട്രഷറി ചെക്ക് നം.1970157 തീ. 31.03.2017 (ചെക്ക് തുക ₹5,95,340/-)</td></tr>
</table>

ബദിയഡുക്കയിൽ ഒരു ഇൻഡോർ ഷട്ടിൽ കോർട്ട് സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള ഒരു പദ്ധതി ഗ്രാമ പഞ്ചായത്ത് 2015-16 , 2016-17 വർഷങ്ങളിലായി നടപ്പാക്കിയിട്ടുണ്ട്. ഈ പദ്ധതിക്കായി 2012 ലെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം 25 ലക്ഷം രൂപ ആകെ അടങ്കലുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കിയത്. രണ്ട് ഭാഗങ്ങളായാണ് പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. പാർട്ട്-I പ്രകാരം 10,00,000/- രൂപ അടങ്കലുള്ള നിർമ്മാണ പ്രവർത്തനങ്ങളും പാർട്ട്- II പ്രകാരം 15,00,000/- രൂപ അടങ്കലുള്ള നിർമ്മാണ പ്രവർത്തനങ്ങളും ചേർന്നതാണ് ഈ പദ്ധതിയുടെ എസ്റ്റിമേറ്റ്. പാർട്ട്-I പ്രകാരമുള്ള എസ്റ്റിമേറ്റിൽ ആകെ 9 ഇനങ്ങളും പാർട്ട്- II പ്രകാരമുള്ള എസ്റ്റിമേറ്റിൽ ആകെ 19 ഇനങ്ങളുമാണുള്ളത്.

പാർട്ട്- II പ്രകാരമുള്ള എസ്റ്റിമേറ്റിലെ 3ാമത്തെ ഇനം പ്രവൃത്തി “Roofing with Aluminium sheet including all cost conveyance and all labour charges etc” എന്നതാണ്. ഈ ഇനത്തിനായി 1104.60 $m^2$ റൂഫിംഗ് പ്രവൃത്തി ചെയ്യുന്നതിന് 9706/10$m^2$ എന്ന നിരക്കിൽ 10,72,125/- രൂപ എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടുണ്ട്.


ഈ പ്രവൃത്തിയുടെ അളവ് പുസ്തകം നമ്പർ 07/15-16 ലെ പേജ് 17, 24, 28 46, 47 എന്നിവ പ്രകാരം 3ാമത്തെ ഇനം ( പാർട്ട്- II) പ്രവൃത്തിയായി (Roofing with Aluminium sheet including all cost, conveyance and all labour charges etc.) 1159.83$m^2$ അളവ് പ്രവൃത്തി ചെയ്തിട്ടുണ്ട്. ഇത്രയും അളവ് റൂഫിംഗ് പ്രവൃത്തി ചെയ്തതിന് 9706/10$m^2$ എന്ന നിരക്കിൽ 11,25,730.99/- രൂപ അളവ് മൂല്യം കണക്കാക്കി 5.8% ടെണ്ടർ കുറവ് നടത്തി ₹ 10,60,438.59/- കരാറുകാരന് അനുവദിച്ചിട്ടുണ്ട് .

മേൽ പറഞ്ഞ ഇനം പ്രവൃത്തിയുടെ നിരക്ക് കണക്കാക്കിയിരിക്കുന്നതിനുള്ള ഒബ്സർവ്ഡ് ഡാറ്റ പ്രവൃത്തിയുടെ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ഈ പ്രവൃത്തിക്കായി 2015-16 വർഷം പാർട്ട് ബിൽ നൽകിയിട്ടുണ്ട്. ഈ പാർട്ട് ബില്ലിൽ പ്രവൃത്തിയുടെ 3ാം ഇനമായി ( പാർട്ട്- II) Roofing with Aluminium sheet including all cost, conveyance and all labour charges etc. 441$m^2$ അളവ് പ്രവൃത്തി ചെയ്തതിന് 9706/10$m^2$ എന്ന നിരക്കിൽ 4,28,034.6/- രൂപ അളവ് മൂല്യം കണക്കാക്കി 5.8% ടെണ്ടർ കുറവ് നടത്തി ₹ 4,03,209/- കരാറുകാരന് അനുവദിച്ചിട്ടുണ്ട് . 2015-16 വർഷത്തെ ഓഡിറ്റിന്റെ

ഭാഗമായി 27.12.2016ന് ഓഡിറ്റ് ടീം നിർമ്മാണ പ്രവൃത്തികൾ പരിശോധിക്കുന്നതിനായി പ്രവൃത്തി സ്ഥലം സന്ദർശിക്കുകയും സൈറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-1 ആയി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഖണ്ഡിക പ്രകാരമുള്ള നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

*"പ്രവൃത്തിയുടെ 3 ാമത്തെ ഇനമായി (പാർട്ട്- II) അളവ് രേഖപ്പെടുത്തിയ "Roofing with Aluminium sheet" എന്ന പ്രവൃത്തിയ്ക്ക് ഉപയോഗിച്ചിരിക്കുന്ന ഷീറ്റ് " OZONE ROOF 0.47 mm AZ 150" ആണ് എന്ന് കാണാൻ കഴിഞ്ഞു. ഇത് Alu-Zinc steel sheet വിഭാഗത്തിൽ പെട്ട ഷീറ്റാണ്. സ്ഥല പരിശോധനാ സമയത്ത് ഓഡിറ്റ് ടീം പകർത്തിയ ഷീറ്റിന്റെ ഫോട്ടോ ചുവടെ ചേർക്കുന്നു.*




*പ്രവൃത്തിയിൽ ഉപയോഗിച്ചിരിക്കുന്നത് 0.47 mm കനത്തിലുള്ള Pre-Painted Alu-Zinc steel sheet ആണ്. 2012 ലെ SOR പ്രകാരം 0.47mm കനത്തിലുള്ള Pre-Painted Alu-Zinc steel sheet ന്റെ വില ലഭ്യമല്ല. ആയതിനാൽ SOR ൽ റേറ്റ് ലഭ്യമായ (സെക്ഷൻ II Rates of materials എന്ന ഭാഗത്ത് ക്രമ നം.286) 0.5 mm thick Pre-Painted Alu-Zinc steel sheet ന്റെ വിലയായ ₹ 236/m$^2$ ആണ് ഈ പ്രവൃത്തിയിൽ റൂഫിംഗ് പ്രവൃത്തിക്കായി തയ്യാറാക്കുന്ന ഡാറ്റയിൽ ഉൾപ്പെടുത്തേണ്ടത്. 2012-ലെ SOR പ്രകാരം roofing with Pre-Painted Alu-Zinc steel roofing sheet 0.5mm thick എന്ന ഇനം പ്രവൃത്തിയുടെ ഒബ്സർവ്ഡ് ഡാറ്റ താഴെ പറയും പ്രകാരമാണ്.*

| | | | | |
|---|---|---|---|---|
| *Roofing with Pre-Painted Alu-Zinc steel roofing sheet with GI bolt, nut and bitumen washers including necessary overlap of 150mm at ends ctc complete. (OBSERVED DATA BASED ON SL. NO. 455)* | | | | |
| *Quantity* | *Description* | *Unit* | *Rate* | *Amount* |
| *11.50 m$^2$* | *Pre-Painted Alu-Zinc steel sheet 0.50 mm thick* | *M$^2$* | *236.00* | *2,714.00* |
| *0.5 kg (22 Nos)* | *GI hooks (22Nos = 0.5kg)* | *kg* | *81* | *40.50* |
| *22 Nos* | *Bitumen washer* | *10 Nos* | *3.00* | *6.60* |
| *Labour* | | | | |
| *1.35* | *Carpenter* | *Each* | *500* | *675.00* |
| *1.35* | *Man* | *Each* | *377* | *508.95* |
| *Conveyance* | | | | |
| *10.5* | *sheet* | | | *10.00* |
| *Total ₹* | | | | *3,945.05* |
| *(+) 10% CP* | | | | *394.50* |

| | |
|---|---|
| *(+) 5% OH* | *197.25* |
| *Total* | *4,536.75/10 $m^2$* |
| *Rounded to ₹* | *4,537/ 10$m^2$* |

*പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തുമ്പോൾ റൂഫിംഗ് പ്രവൃത്തിയ്ക്കായി ഉപയോഗിച്ചിരിക്കുന്ന ഷീറ്റ് Alu-Zinc steel sheet ആയതിനാൽ പാർട്ട് ബിൽ പ്രകാരം കരാറുകാരന് തുക അനുവദിക്കുമ്പോൾ 4537/ 10$m^2$ എന്ന നിരക്കാണ് കണക്കാക്കേണ്ടിയിരുന്നത്. ആയതിനാൽ പ്രവൃത്തിയുടെ 3 ാമത്തെ ഇനമായി (പാർട്ട്- II) 441$m^2$ അളവ് റൂഫിംഗ് പ്രവൃത്തി ചെയ്തതിന് 1,75,656/- രൂപ മാത്രമാണ് കരാറുകാരന് അനുവദിക്കേണ്ടിയിരുന്നത് (411 $m^2$ x 4537/ 10$m^2$ = ₹1,86,471/- ടെണ്ടർ കിഴിവ് (5.8%) നടത്തിയാൽ ₹ 1,75,656/-). എന്നാൽ 4,03,209/- രൂപ അനുവദിച്ചത് ക്രമ പ്രകാരമല്ല. അധികം നൽകിയ 2,27,553/- രൂപ പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്. പ്രവൃത്തിയുടെ അന്തിമ ബില്ല് അനുവദിക്കുമ്പോഴും ഈ ഇനത്തിന് 4,537/ 10 $m^2$ എന്ന നിരക്കിൽ തുക കണക്കാക്കേണ്ടതാണ്".*

ഈ പ്രവൃത്തിയുടെ അന്തിമ ബിൽ 2016-17 വർഷത്തിൽ നൽകിയിട്ടുണ്ട്. അന്തിമ ബില്ലിൽ 3ാമത്തെ ഇനം ( പാർട്ട്- II) പ്രവൃത്തിയായി (Roofing with Aluminium sheet including all cost, conveyance and all labour charges etc.) 1159.83$m^2$ അളവ് പ്രവൃത്തി ചെയ്തതിന് 9706/10$m^2$ എന്ന നിരക്കിൽ 11,25,730.99/- രൂപ അളവ് മൂല്യം കണക്കാക്കി 5.8% ടെണ്ടർ കുറവ് നടത്തി ₹ 10,60,438.59/- കരാറുകാരന് അനുവദിച്ചിട്ടുണ്ട് .

അന്തിമ ബിൽ നൽകുമ്പോൾ ഓഡിറ്റ് റിപ്പോർട്ടിലെ നിർദേശമനുസരിച്ച് ബിൽ തുകയിൽ നിന്ന് 2,89,856 രൂപ കുറവു ചെയ്തിട്ടുണ്ട്. ചുവടെ ചേർത്ത പ്രകാരമാണ് ഈ തുക കണക്കാക്കിയിട്ടുള്ളത്.

ഇനം നം 3 ന് അനുവദിച്ച തുക- 1159.83 Sqm x 9706/10 sqm = 11,25,730.99

അനുവദനീയമായ തുക- 1159.83 sqm x 7053/10 sqm = 8,18,028.09

അധികം- 3,07,702.90

(-) 5.8% ടെണ്ടർ കുറവ്- 17,847

കുറവു ചെയ്ത തുക- 2,89,856.

എന്നാൽ മേൽ കണക്കിൽ അനുവദനീയമായ തുക കണക്കാക്കാൻ അവലംബിച്ചിരിക്കുന്ന നിരക്ക് 7053/10 sqm ആണ്. എന്നാൽ 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഈയിനത്തിന് അനുവദിക്കാവുന്ന പരമാവധി നിരക്ക് 4537/10sqm ആണെന്ന് അർത്ഥ ശങ്കയ്ക്കിടയില്ലാത്ത വിധം വ്യക്തമാക്കിയിട്ടുണ്ട്. ഇത് അവഗണിച്ചു കൊണ്ട് യാതൊരു വിധ ആധികാരികതയുമില്ലാതെ 7053/10 sqm എന്ന നിരക്ക് അനുവദിച്ചു കൊണ്ടാണ് കരാറുകാരന് അന്തിമ ബിൽ നൽകിക്കാണുന്നത്. ഇതു സംബന്ധിച്ച് ഈ പ്രവൃത്തി ഫയലിൽ കുറിപ്പുകളോ ഉത്തരവുകളോ കാണുന്നില്ല. അന്തിമ ബില്ലിന്റെ മെമോ ഓഫ് പേമെന്റ് എം. ബുക്കിലോ ബില്ലിലോ രേഖപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് റിപ്പോർട്ടിൽ വ്യക്തമായി രേഖപ്പെടുത്തിയ നിരക്കിനു പകരം കൂടിയ നിരക്ക് കണക്കാക്കാനുണ്ടായ സാഹചര്യം, കണക്കാക്കിയ വിധം, ആധികാരികത എന്നിവ കാപഞ്ചായത്ത്ണിക്കുന്ന ഒരു രേഖകളും ഫയലിൽ ഇല്ല.

അനുവദിക്കാവുന്ന നിരക്ക് 4537/sqm ആണെന്ന് 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-1 ൽ വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ട്. *"പ്രവൃത്തിയുടെ അന്തിമ ബില്ല് അനുവദിക്കുമ്പോഴും ഈ ഇനത്തിന് 4,537/ 10 $m^2$ എന്ന നിരക്കിൽ തുക കണക്കാക്കേണ്ടതാണ്"* എന്നും ഈ ഖണ്ഡികയിൽ വ്യക്തമാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റിന് വിരുദ്ധമായി ഗുണനിലവാരം കുറഞ്ഞ സാമഗ്രികൾ കൊണ്ട് പണി ചെയ്യാൻ കരാറുകാരനെ അനുവദിച്ച പഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിംഗ് തന്നെ ഓഡിറ്റ് റിപ്പോർട്ടിലെ നിർദേശം അവഗണിച്ചും പഞ്ചായത്തിന് നഷ്ടം ഉണ്ടാക്കിയതായി വ്യക്തമാവുകയാണ്. പഞ്ചായത്തിന് സംഭവിച്ച നഷ്ടത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം നം 3 ന് അനുവദിച്ച തുക- 1159.83 Sqm x 9,706/10 sqm = 11,25,730.99

അനുവദനീയമായ തുക- 1159.83 sqm x 4537/10 sqm = 5,26,214.87

അധികം- 5,99,516.11

(-) 5.8% ടെണ്ടർ കുറവ്- 34,771.93

കുറവു ചെയ്യേണ്ടിയിരുന്ന തുക- 5,64,744.17

കുറവു ചെയ്ത തുക- 2,89,856

നഷ്ടം- 2,74,888 രൂപ

പഞ്ചായത്തിനുണ്ടായ നഷ്ടം ഈ പ്രവൃത്തിയുടെ അന്തിമ ബിൽ നൽകിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 ടാറും എമൽഷനും വാങ്ങുന്നതിനുള്ള ചെലവ് ഒരു പ്രോജക്ടിന് 2 പ്രാവശ്യം തുക പിൻവലിച്ചു

2017-18 വർഷം നടപ്പിലാക്കാനുദ്ദേശിച്ച റോഡ് ടാറിംഗ്/റീടാറിംഗ് പ്രവൃത്തികൾക്കാവശ്യമായ ടാറും എമൽഷനും വാങ്ങുന്നതിന് ആവശ്യമായ തുക അസിസ്റ്റന്റ് എഞ്ചിനീയർ ട്രഷറിയിൽ നിന്നും പിൻവലിച്ച് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. രണ്ട് തവണകളിലായി 34,62,427 രൂപ അസിസ്റ്റന്റ് എഞ്ചിനീയർ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. (ചെക്ക് നം. 1006681 തിയതി 31.03.2017- 14,18,352 രൂപ, ചെക്ക് നം. 1006682 തിയതി 04.05.2017- 20,44,075 രൂപ). അസിസ്റ്റന്റ് എഞ്ചിനീയർ ട്രഷറിയിൽ നിന്നും പിൻവലിച്ച തുകകൾ പരിശോധിച്ചപ്പോൾ പ്രോജക്ട് നം. 152/16-17-കണ്ടപ്പാടി ചുള്ളിക്കാന റോഡ് റീടാറിംഗ് എന്ന പ്രവൃത്തിക്കായി 58,514 രൂപ വീതം രണ്ടു പ്രാവശ്യം ട്രഷറിയിൽ നിന്നും പിൻവലിച്ചതായി കാണുന്നു. ബിൽ നം 20/16-17 തിയതി പ്രകാരവും ബിൽ നം. തിയതി പ്രകാരവും 58,514 രൂപ വീതം പിൻവലിച്ചിട്ടുണ്ട്. ഇപ്രകാരം രണ്ടാമതും പിൻവലിച്ച 58,514 രൂപ അടക്കമാണ് മേൽ വിവരിച്ച പ്രകാരം സെക്രട്ടറിക്ക് നൽകിയത്. ഒരു പ്രോജക്ടിൽ ഒരേ ആവശ്യത്തിനു വേണ്ടി രണ്ടു പ്രാവശ്യം തുക പിൻവലിച്ചത് ശരിയല്ല. രണ്ടാമത് പിൻവലിച്ച 58,514 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 ടാറും എമൽഷനും വാങ്ങുന്നതിനുള്ള അഡ്വാൻസ് തുക സെക്രട്ടറി കയ്യിൽ സൂക്ഷിച്ചിരിക്കുന്നു

2017-18 വർഷം നടപ്പിലാക്കാനുദ്ദേശിച്ച റോഡ് ടാറിംഗ്/റീടാറിംഗ് പ്രവൃത്തികൾക്കാവശ്യമായ ടാറും എമൽഷനും വാങ്ങുന്നതിന് ആവശ്യമായ തുക അസിസ്റ്റന്റ് എഞ്ചിനീയർ ട്രഷറിയിൽ നിന്നും പിൻവലിച്ച് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ പിൻവലിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഫണ്ട് | പിൻവലിച്ച തുക | പ്രവൃത്തികളുടെ എണ്ണം |
|---|---|---|---|
| 1 | മെയിന്റനൻസ് ഫണ്ട് റോഡ് | 23,28,936 | 26 |
| 2 | 14ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 5,00,727 | 8 |
| 3 | വികസനഫണ്ട്(എസ്.സി.പി.) | 3,39,012 | 5 |
| 4 | കെ.എൽ.ജി.എസ്.ഡി.പി. | 2,93,752 | 3 |
|  | ആകെ | 34,62,427 | 42 |

ഈ തുക രണ്ട് തവണകളിലായി അസിസ്റ്റന്റ് എഞ്ചിനീയർ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. (ചെക്ക് നം. 1006681 തിയതി 31.03.2017- 14,18,352 രൂപ, ചെക്ക് നം. 1006682 തിയതി 04.05.2017- 20,44,075 രൂപ). എന്നാൽ നാളിതു വരെ ഈ തുക ഉപയോഗിച്ച് പഞ്ചായത്തിൽ നടപ്പിലാക്കാനുദ്ദേശിച്ച റോഡ് നിർമാണ/റിപ്പയർ പ്രവൃത്തികൾക്കാവശ്യമായ ടാറും എമൽഷനും വാങ്ങാനുള്ള നടപടികൾ പഞ്ചായത്ത് സെക്രട്ടറി കൈക്കൊണ്ടിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും കൈപ്പറ്റിയ ചെക്കുകൾ കാഷ് പോലും ചെയ്യാതെ കൈവശം സൂക്ഷിച്ചിരിക്കുന്നു എന്നാണ് കാണുന്നത്. പഞ്ചായത്തിന്റെ കണക്കുകൾ പ്രകാരവും അസിസ്റ്റന്റ് എഞ്ചിനീയറുടെ കണക്കുകൾ പ്രകാരവും ഇത്രയും തുക ചെലവഴിച്ചു കഴിഞ്ഞതാണ്. എന്നാൽ യഥാർത്ഥത്തിൽ ഈ തുക അനധികൃതമായി പഞ്ചായത്ത് സെക്രട്ടറി കൈവശം സൂക്ഷിച്ചിരിക്കുകയാണ്. സർക്കാരിന്റെ പണം ഒരു ആവശ്യത്തിനായി പിൻവലിച്ച് അതു നിവർത്തിക്കാതെ കൈവശം സൂക്ഷിക്കുന്നത് ശരിയായ നടപടിയല്ല.

27.02.2017 ലെ ത.സ്വ.ഭ.വ. സർക്കുലർ നം. 114/ഡി എ1/2017 പ്രകാരം, ടാർ വാങ്ങി നൽകുന്നതിന് അവലംബിക്കേണ്ട രീതി സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഈ സർക്കുലർ പ്രകാരം ടാർ വാങ്ങി നൽകുന്നതിൽ ഉണ്ടാവുന്ന കാലവിളംബത്തിന് നിർവഹണ ഉദ്യോഗസ്ഥന്മാർ പൂർണ ഉത്തരവാദികൾ ആയിരിക്കുന്നതാണ് എന്നും, ടാർ വാങ്ങി നൽകുന്നതിലെ കാലവിളംബം മൂലം റോഡ് വർക്കുകൾ പൂർത്തിയാവാതെ വരുകയോ സ്പിൽ ഓവർ ആവുകയോ ചെയ്താൽ അത്തരം വീഴ്ചകൾക്ക് ഉത്തരവാദിയായ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതുമാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2016-17 വ്രഷത്തെ 42 പ്രവൃത്തികൾ അപ്പാടെ മുടങ്ങിയിട്ടും പഞ്ചായത്ത് സെക്രട്ടറിക്കെതിരെ യാതൊരു നടപടികളും സ്വീകരിച്ചു കാണുന്നില്ല.
പിൻവലിച്ചിരിക്കുന്ന പണം ഉപയോഗിച്ച് എത്രയും പെട്ടെന്ന് പഞ്ചായത്ത് നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികൾക്കുള്ള ടാറും എമൽഷനും വാങ്ങാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. 2016-17 വർഷം തന്നെ ടാർ വാങ്ങി നൽകാതിരുന്നതിന് സെക്രട്ടറി വിശദീകരണം നൽകേണ്ടതാണ്. കൂടാതെ പണം പിൻവലിച്ച് കൈവശം സൂക്ഷിച്ചതിനും വിശദീകരണം നൽകേണ്ടതാണ്.

## 3-5 എസ്റ്റിമേറ്റ് പ്രകാരമുള്ള പണി പൂർത്തീകരിച്ചില്ല – രൂ.42,468/- പാഴ് ചെലവ്

പ്രൊജക്ട് നം: 56/17 ജി.ബി.യു.പി.എസ്. ചെന്നർകട്ട റോഡ് കോൺക്രീറ്റ് (സ്പിൽ ഓവർ)

എം. ബുക്ക്: 105/16

എസ്റ്റിമേറ്റ്: രൂ. 4,95,000/-

ടി.എസ്. നം; 158/16.09.15

കരാർ: 10/എ.ഇ./എൽ.എസ്.ജി.ഡി. തീ: 22.09.15

കൺവീനർ: അബ്ദുല്ല കുഞ്ഞി

ബിൽ നം: 85/16-17 തീയ്യതി - 04.05.16/-

436 ഡി.എസ്.ആർ. 2014 നെ അടിസ്ഥാനപ്പെടുത്തിയ എസ്റ്റിമേറ്റ് Earth Work Excavation (2.1.1)[ 43.6 m3, Cement Concrete 1:4:8 (4.1.8), 32.70m3, Cement Concrete 1:2:4 (4.1.3), Electrict Post shifting എന്നീ പ്രവൃത്തികൾ ചെയ്യുന്നതിനായിരുന്നു.

എന്നാൽ എം.ബുക്ക് പേജ് നം.3, 4 അനുസരിച്ച് 388cum Earth Work Excavation ഉം (ഇനം 1), ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗും മാത്രമേ നടത്തിയിട്ടുള്ളൂ. പ്രൊജക്ടിലെ പ്രധാന പ്രവൃത്തിയായ റോഡ് കോൺക്രീറ്റിംഗ് ചെയ്തിട്ടില്ല.

388 m2 Erth Work Excavation @ 5273/100m2 = 22,205.24

Electrict Post shifting = 20,263.00

Total = 42,468.00

നികുതി കഴിച്ച് കൺവീനർക്ക് 41,612/- രൂപ നൽകിയിട്ടുണ്ട്. റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനാണ് മണ്ണ് കിളച്ചുമാറ്റുന്നതും പോസ്റ്റ് മാറ്റിയിടുന്നതും. എന്നാൽ റോഡ് കോൺക്രീറ്റ് ചെയ്യാത്തതിനാൽ ഇതിലേക്ക് ചെലവഴിച്ച 42,468/- രൂപ പാഴ്ച്ചെലവായി മാറിയിരിക്കുകയാണ്. ആയതിന് അസിസ്റ്റന്റ് എഞ്ചിനീയർ വിശദീകരണം നല്കേണ്ടതാണ്.

## 3-6 എം.ബുക്കിലെ അളവുകളും ഫൈനൽ ബില്ലിലെ അളവുകളും തമ്മിൽ പൊരുത്തമില്ല.

പ്രൊജക്റ്റ് നം. 45/17 ബാറടുക്ക അർത്തിപ്പള്ള പൈപ്പ് ലൈൻ നീട്ടൽ

എസ്റ്റിമേറ്റ് - രൂ.2,20,000/-

സാങ്കേതികാനുമതി - ടി.എസ്. നം.629/AEE/LSGD/KSD dt: 02.02.16

ആകെ അളവ് മൂല്യം - രൂ.1,36,802/-

കൺവീനർ - യൂസഫ്

കരാർ - 99/15-16 തീഃ 04.03.16

ബിൽ നം.66/16-17 തീഃ - രൂ.1,36,802/-

എം. ബുക്ക് നം.18/16-17

2014 ഡി.എസ്.ആർ. പ്രകാരം കൺവീനർക്ക് നൽകിയ പ്രവൃത്തിയിൽ 975 മീ. പൈപ്പ് ലൈൻ നീട്ടുന്നതിന് പി.വി.സി. 63 mm dia, 32 mm dia, 25 mm dia എന്നിവ നിശ്ചിത ദൂരങ്ങളിൽ അനുബന്ധ ഘടകങ്ങളോടൊപ്പം യോജിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. എന്നാൽ പ്രവൃത്തി നടന്ന വേളയിൽ പൈപ്പ്, കേബിൾ എന്നിവ align ചെയ്യുന്നതിന് 569.25m നീളം മാത്രം വിനിയോഗിക്കുകയും ബാധകമായ നിരക്ക് നൽകുകയും ചെയ്തിട്ടുണ്ട്. നിശ്ചിത ദൂരങ്ങളിൽ പൈപ്പ് ഇടുന്നതിന് പ്രാഥമിക അളവുകൾ എടുത്തതിൽ നിന്നും വ്യത്യസ്തമായി ഫൈനൽ ബിൽ കണക്കാക്കുന്നതിന് താരതമ്യേന ഉയർന്ന അളവുകൾ പരിഗണിച്ചിട്ടുണ്ട്.

| ഇനം | പ്രാഥമിക അളവുകൾ പ്രകാരം | | ഫൈനൽ ബിൽ പ്രകാരം | | വ്യത്യാസം | നിരക്ക് | തുക |
|---|---|---|---|---|---|---|---|
| | ദൂരം | എം.ബുക്ക് പേജ് | ദൂരം | എം. ബുക്ക് പേജ് | | | |
| PVC 63mm dia | 152.45 | 3 | 172.75 | 15 | 20.3 | 137.30 | 2,653 |
| PVC 25 mm dia (HDPE pipe) ഉൾപ്പെടെ 126.3 + 150 | 276.80 | 3 | 406.08 (126.8 + 280) | 17 | 130 | 45.15 | 5,869 |
| ആകെ | | | | | | | 8,522 |

ഇപ്രകാരം പ്രാഥമിക അളവുകളും ഫൈനൽ ബില്ലിലെ അളവുകളും തമ്മിൽ പൊരുത്തമില്ലാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-7 പെയിൻ & പാലിയേറ്റീവ് കെയർ പദ്ധതി നിർവ്വഹണത്തിലെ പോരായ്മകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.ബദിയടുക്ക

1)ആശ്രയ ഗുണഭോക്താക്കളെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല-
29.10.15ലെ സ.ഉ.(സാധാ)3217/15 തസ്വഭവ പ്രകാരം പരിഷ്കരിച്ച നിർദ്ദേശങ്ങളും പാലിച്ചാണ് പാലിയേറ്റിവ് പരിചരണ പദ്ധതി നടപ്പിലാക്കേണ്ടത്. പാലിയേറ്റീവ് പരിചരണ പദ്ധതിയിൽ നിർബ്ബന്ധമായും ആശ്രയപദ്ധതിയിലുള്ളവരെ ഉൾപ്പെടുത്തണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. പഞ്ചായത്തിലെ ആശ്രയ പദ്ധതിയിൽ 53 പേരാണുള്ളത്. ഇവരിൽ തീരാവ്യാധികളുള്ളവരും, പരിചരണം ആവശ്യമുള്ളവരും പാലിയേറ്റീവ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല.
2) ചെലവുകൾ ബാങ്ക് അക്കൗണ്ട് വഴി നടത്തുന്നില്ല-
പാലിയേറ്റീവ് പദ്ധതിക്കായി പ്രാദേശികമായും അല്ലാതേയും വിഹിതം സമാഹരിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി ആശുപത്രി മാനേജ്മെന്റ് കമ്മറ്റിക്ക് ഒരു പ്രത്യേക അക്കൗണ്ട് തുടങ്ങണമെന്നുണ്ട്. അപ്രകാരം ചെയ്തിട്ടില്ല. പാലിയേറ്റിവ് പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് പദ്ധതി തുക കൂടാതെ മറ്റ് വിഭവസ്രോതസ്സുകളെ കണ്ടെത്തേണ്ടത് അത്യാവശ്യമാണ്. ഉത്തരവ് തീയതി മുതൽ 60 ദിവസത്തിനു ശേഷം പാലിയേറ്റിവ് ഇനത്തിൽ ചെലവഴിക്കുന്ന ഭക്ഷണച്ചെലവ് ഒഴികെയുള്ള എല്ലാ ചെലവും പണം നൽകേണ്ടയാളുടെ അക്കൗണ്ടിലേക്ക് ഡെപ്പോസിറ്റ് ചെയ്തേ നടത്താവൂ എന്ന ഖണ്ഡിക 2.10.8 പ്രകാരമുള്ള വ്യവസ്ഥ നടപ്പിലാക്കിയിട്ടില്ല. ആയതിനാൽ പ്രത്യേക അക്കൗണ്ട് തുടങ്ങാൻ നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

3)ഗുണഭോക്താക്കളുടെ പട്ടിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നില്ല
29.10.15ലെ സ.ഉ.(സാധ)3217/15തസ്വഭവ ഉത്തരവ് തീയതി മുതൽ 60 ദിവസത്തിനകം പഞ്ചായത്തിലെ പാലിയേറ്റിവ് പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്നുണ്ട്. ഇല്ലെങ്കിൽ പദ്ധതിയുടെ ചെലവ് അംഗീകരിക്കുന്നതല്ലെന്ന് സർക്കാർ കർശനനിർദ്ദേശം നൽകിയിട്ടുണ്ട്. പട്ടിക ഓഡിറ്റ് തീയതി വരെ പ്രസിദ്ധീകരിച്ചിട്ടില്ല. എന്നാൽ ഉത്തരവ് തീയതി മുതൽ ചെലവ് ചെയ്തിട്ടുണ്ട്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് ഇവിടെ തുക ചെലവഴിച്ചിട്ടുള്ളത്. ആയത് വിശദീകരിക്കുക.

4) ഭക്ഷണ ചെലവ് പരിധി -
ഉത്തരവ് ഖണ്ഡിക 2.6.3 പ്രകാരം ഗൃഹസന്ദർശനത്തിന് പോകുന്ന സാന്ത്വനപരിചരണ ടീമിലെ 3 പേർക്കാണ് (സന്നദ്ധ പ്രവർത്തകന്/പ്രവർത്തകയ്ക്ക് 60 രൂപ തോതിൽ) പദ്ധതിച്ചെലവിൽ നിന്ന് ഭക്ഷണത്തിന് ചെലവ് നൽകാൻ മാർഗ്ഗരേഖ പ്രകാരം അനുവാദമുള്ളൂ. എന്നാൽ 4 ഉം 5ഉം പേരുടെ ഭക്ഷണച്ചെലവ് അനുവദിച്ചതായി കാണുന്നു. പദ്ധതി തുകയുടെ ചെലവ് സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരം പരിമിതപ്പെടുത്തിയിട്ടില്ല.

5)പാലിയേറ്റിവ് കെയർ നിർവ്വഹണ കമ്മറ്റി രൂപീകരിച്ചില്ല-
ഉത്തരവ് 3217/2015/ ത.സ്വ.ഭ.വ. തീയതി 29.10.2015 ഖണ്ഡിക 2.4 പ്രകാരം രൂപീകരിക്കേണ്ട പാലിയേറ്റിവ് കെയർ ഇമ്പ്ലിമെന്റേഷൻ കമ്മറ്റി രൂപീകരിച്ചിട്ടില്ല.

6) ഓൺലൈൻ അപ്ഡേഷൻ നടത്തുന്നില്ല-
ഉത്തരവ് 3217/2015/ത.സ്വ.ഭ.വ. തീയതി 29.10.2015 ഖണ്ഡിക 2.6.3 (7) പ്രകാരം ഗൃഹസന്ദർശനാനന്തരം (അന്നോ തൊട്ടടുത്ത ദിവസമോ) അനുബന്ധം 3 നെ അടിസ്ഥാനമാക്കിയുള്ള ഓൺലൈൻ റിപ്പോർട്ട് കമ്പ്യൂട്ടർ സോഫ്റ്റ് വെയർ മുഖേന അപ് ലോഡ് ചെയ്യണമെന്നുണ്ട്. എന്നാൽ ഐ.കെ.എം. ഇതിനാവശ്യമായ സോഫ്റ്റ് വെയർ വികസിപ്പിച്ചതിന്റെയോ റിപ്പോർട്ട് അപ്ഡേറ്റ് ചെയ്തതിന്റെയോ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

## 3-8 ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നടത്തിയ ചുവടെ ചേർത്ത ചെലവുകളുടെ രേഖകൾ പരിശോധനയക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ടിന്റെ പേര് | ചെലവ് തുക | ബിൽ നം./ചെക്ക് നം. | റിമാർക്സ് |
|---|---|---|---|---|
| 1 | 13/16-17- ബദിയടുക്ക അപ്പർ ബസാർ പഞ്ചായത്ത് റോഡ് റീ ടാറിംഗ് | 3,00,000 മെയിന്റനൻസ് ഫണ്ട് റോഡ് | 102/16-17 തിയതി 29.04.2017 | - |
| 2 | 19/16-17- ദ്രബത്തടുക്ക കൾവർട്ട് എം.ബി.എ. കോളേജിന് എതിർവശം | 1,50,000 വികസന ഫണ്ട്-ജനറൽ | 103/16-17 തിയതി 29.04.2017 | - |
| 3 | 20/16-17- കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റ പ്രവർത്തനം | 3,77,445 തനതു ഫണ്ട് | ചെക്ക് നം ലഭ്യമല്ല | - |
| 4 | 21/16-17- കളക്കുടൽ പള്ളിക്കണ്ടം നടപ്പാത നിർമാണം | 32,000 ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 11/16-17 തിയതി 25.11.2016 | - |
| 5 | 25/16-17- മെണസിനെപാറ കാക്കഞ്ചെ കോളനി റോഡ് ടാറിംഗ് | 2,00,000 വികസന ഫണ്ട്-പ്രത്യേക ഘടക പദ്ധതി | 104/16-17 തിയതി 29.04.2017 | - |
| 6 | 26/16-17- ചാലക്കോട് ഏനംകൂടൽ എസ്. സി. കോളനി റോഡ് സോളിംഗ് & സൈഡ് പ്രൊട്ടക്ഷൻ | 3,00,000 വികസന ഫണ്ട്-ജനറൽ | 105/16-17 തിയതി 29.04.2017 | - |
| 7 | 27/16-17- ചുക്കിനടുക്ക ചുക്കിനടുക്ക ഭജനമന്ദിരം റോഡ് ടാറിംഗ് | 3,00,000 വികസന ഫണ്ട്-ജനറൽ | 97/16-17 തിയതി 29.04.2017 | - |
| 8 | 30/16-17- ബദിയടുക്ക അങ്കണവാടിക്ക് ചുറ്റുമതിലും വി.ഇ.ഒ. ഓഫീസ്അറ്റകുറ്റപ്പണിയും | 4,95,000 വികസന ഫണ്ട്-ജനറൽ | 99/16-17 തിയതി 29.04.2017 | - |

| | | | | |
|---|---|---|---|---|
| 9 | 60/16-17- പള്ളത്തടുക്ക കുടിവെള്ള പദ്ധതിക്ക് പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കൽ | 3,00,000<br>വികസന ഫണ്ട്-ജനറൽ | 108/16-17<br>തിയതി<br>29.04.2017 | - |
| 10 | 64/16-17എസ്.എ.ബി.എം.യു.പി. സ്കൂൾ വിദ്യാഗിരി കെട്ടിട മെയിന്റനൻസ് | 39,506<br>മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 100/16-17<br>തിയതി<br>29.04.2017 | - |
| 11 | 74/16-17- കല്ലകലായ അണക്കെട്ടിന് പലക സ്ഥാപിക്കൽ | 1,42,994<br>വികസന ഫണ്ട്-ജനറൽ | 10/16-17<br>തിയതി<br>31.08.2016 | - |
| 12 | 75/16-17- ജന്നടുക്ക കൾവർട്ട് | 1,50,000<br>വികസന ഫണ്ട്-ജനറൽ | 101/16-17<br>തിയതി<br>29.04.2017 | - |
| 13 | 76/16-17- പാടലടുക്ക മസ്ജിദ് റോഡ് ടാറിംഗ് | 10,000<br>തനത ഫണ്ട് | ചെക്ക് നം 1970157<br>തിയതി<br>31.03.2017 | - |
| 14 | 83/16-17- ജേനമൂല കുടിവെള്ള പദ്ധതി | 2,00,000<br>വികസന ഫണ്ട്-പട്ടിക വർഗ ഉപ പദ്ധതി | 106/16-17<br>തിയതി<br>29.04.2017 | - |
| 15 | 120/16-17-ദേവരമെട്ട കുടിവെള്ള പദ്ധതി | 1,50,000<br>തനതു ഫണ്ട് | ചെക്ക് നം 1970157<br>തിയതി<br>31.03.2017 | - |
| 16 | 231/16-17- ആയുർവേദ ആശുപത്രി പഴയ കെട്ടിടം അറ്റകുറ്റപ്പണി | 1,99,798<br>മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 107/16-17<br>തിയതി<br>29.04.2017 | - |

| | | | | |
|---|---|---|---|---|
| 17 | 251/16-17- ഉദയഗിരി സ്കൂളിന് ചുറ്റുമതിൽ | 3,00,000<br>മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 98/16-17 തിയതി 29.04.2017 | - |
| 18 | 253/16-17- കിന്നിമാണി പോലീസ് ക്വാർട്ടേഴ്സ് മൂക്കംപാറ റോഡ് കോൺക്രീറ്റ് & സൈഡ് സംരക്ഷണം | 5,00,000<br>വികസന ഫണ്ട്- ജനറൽ | 109/16-17 തിയതി 29.04.2017 | - |
| | ആകെ | 41,46,743 | | |

രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് റിക്വിസിഷന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടില്ല. ഈ ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിക്കൊപ്പം ചെലവു രേഖകൾ ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം അത്തരം രേഖകൾ നിലവിലില്ല എന്ന നിഗമനത്തിൽ തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്.

## 3-9 തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല.

2016-17 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ സ്ഥാപിച്ചിട്ടുള്ള തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ 6,70,382/-രൂപ കെ.എസ്.ഇ.ബി. യിൽ ഒടുക്കിയിട്ടുണ്ട്. തെരുവ് വിളക്കുകളുടെ എണ്ണം, ആയതിന് കെ.എസ്.ഇ.ബി. യിൽ പ്രതിമാസം ഒടുക്കുന്ന തുക എന്നിവ കാണിക്കുന്ന ഒരു രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ട്. ആകെ തുക മാത്രം രേഖപ്പെടുത്തി പ്രതിമാസം കെ.എസ്.ഇ.ബി. നൽകിവരുന്ന ബില്ലിന്റെ അടിസ്ഥാനത്തിലാണ് ഗ്രാമപഞ്ചായത്ത് തുക ഒടുക്കുന്നത്. തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുകയോ കെ.എസ്.ഇ.ബി.യും, ഗ്രാമപഞ്ചായത്തും സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ പ്രവർത്തനം വിലയിരുത്തുകയോ ചെയ്തിട്ടില്ല. തെരുവു വിളക്കുകൾക്ക് അറ്റകുറ്റ പണികൾ നടത്തുന്നതിന്റെ കൃത്യമായ വിവരം രേഖപ്പെടുത്തുന്നില്ല. സ്ഥാപിച്ചിട്ടുള്ള എല്ലാ തെരുവു വിളക്കുകളും ഇപ്പോഴും കത്തുന്നുണ്ടോ എന്നും കത്തുന്ന വിളക്കുകൾക്ക് തന്നെയാണ് വൈദ്യുതി ചാർജ്ജ് ഒടുക്കുന്നതെന്നും നിലവിൽ പഞ്ചായത്തിൽ സൂക്ഷിക്കുന്ന രജിസ്റ്ററിൽ നിന്നോ രേഖകളിൽ നിന്നോ കൃത്യമായ വിവരം ലഭിക്കുന്നില്ല. ആയതിനാൽ പഞ്ചായത്തധികൃതർ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതും, കൃത്യമായ പരിശോധനകൾ നടത്തി, ഇതു പ്രകാരമുള്ള വിവരങ്ങൾ ഉൾപ്പെടുത്തി തെരുവ് വിളക്ക് രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

2016-17 സാമ്പത്തിക വർഷത്തിൽ പ്രതിമാസം കെ.എസ്.ഇ.ബി. യിൽ ഒടുക്കിയ, തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് കാണിക്കുന്ന പട്ടിക

| ക്രമ നമ്പർ | കൺസ്യൂമർ നമ്പർ | പ്രദേശം | ഒടുക്കിയ തുക |
|---|---|---|---|
| 1 | 11669000700201 | ബദിയടുക്ക | 4,46,403/- |
| 2 | 1166900018912 | ബദിയടുക്ക | 1,19,232/- |

| | | | |
|---|---|---|---|
| 3 | 1166901018913 | ബദിയടുക്ക | 49,680/- |
| 4 | 1166901030859 | ബീജംത്തടുക്ക | 1,759/- |
| 5 | 1160908030860 | ബീജംത്തടുക്ക | 2,003/- |
| 6 | 1166902030861 | ബീജംത്തടുക്ക | 1,949/- |
| 7 | 1166907031044 | ജാരം | 3,294/- |
| 8 | 1166902031045 | ബാറടുക്ക | 3,125/- |
| 9 | 1166908031046 | പിലാങ്കട്ടെ | 4,559/- |
| 10 | 1166905031047 | മസ്ജിദ് | 1,986/- |
| 11 | 1166905031048 | മൂകംപാറ | 4,113/- |
| 12 | 1166902031062 | ബദിയടുക്ക | 24,172/- |
| 13 | 1166903031063 | പെർഡാല | 3.892/- |
| 14 | 1166906031064 | മുള്ളേരിയ ക്രോസ് ജങ്ഷൻ | 4,215/- |
| | | ആകെ | 6,70,382/- |

## 3-10 പത്ര പരസ്യ ചാർജ്ജ്- ഡിസ്കൗണ്ട് ലഭിച്ചിട്ടില്ല .

പദ്ധതി രൂപീകരണ നിർവ്വഹണ ചെലവ് -പദ്ധതി നം.131/17

ജി.ഒ.(ആർ.ടി.)288/2014/പി.&എ.ആർ.ഡി. 10-09-2014 പ്രകാരം, വിവിധ ദിനപത്രങ്ങളുടെ പരസ്യനിരക്ക് എഡിഷൻ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ ഉത്തരവിൽ, സർക്കാർ സ്ഥാപനങ്ങൾ പരസ്യങ്ങൾ നേരിട്ട് നല്കിയാലും പി.&എ.ആർ.ഡി. വകുപ്പ് മുഖേന നല്കിയാലും 15% ഡിസ്കൗണ്ട് അനുവദിക്കണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ താഴെ കൊടുത്തിരിക്കുന്ന പത്ര പരസ്യങ്ങൾക്ക് ബിൽ തുക നല്കിയപ്പോൾ തുകയിൽ 15% കുറവ് ലഭിച്ചിട്ടില്ല.

| ക്രമ നമ്പർ | പത്രത്തിന്റെ പേര് | ബിൽ നമ്പർ / തിയതി | നിരക്ക് | നീളം/വീതി | വൗച്ചർ നമ്പർ/ തിയതി | നൽകിയ തുക/ചെക്ക് നമ്പർ | നൽകേണ്ട തുക | അധികം നൽകിയത് |
|---|---|---|---|---|---|---|---|---|

| ക്രമ നമ്പർ | പത്രത്തിന്റെ പേര് | ബിൽ നമ്പർ / തിയതി | നിരക്ക് | നീളം/വീതി | വൗച്ചർ നമ്പർ/ തിയതി | നൽകിയ തുക/ചെക്ക് നമ്പർ | നൽകേണ്ട തുക | അധികം നൽകിയത് |
|---|---|---|---|---|---|---|---|---|
| 1 | ചന്ദ്രിക | 1753/25.02.2017 | 110/- | 9.00x8.00 | 21600099/ | 7,920/-/ | 6,732/- | 1,188/-/- |
| 2 | ചന്ദ്രിക | 658/03.07.2015/ dt.18.12.2016 | 80/- | 8.00x80.00 | 21600266/ 04.07.2017 | 5,120/- | 4,352/- | 768/- |
| 3 | ചന്ദ്രിക | 2958/dt.01.03.2015 | 80/- | 7.00x8.00 | 21600266/ 04.07.2016 | 3,360/- | 2,856/- | 504/- |
| 4 | മണിപാൽ മീഡിയ നെറ്റ് വർക്ക് | UD-MA/17-03 /658410 18.03.2017 | 20/- | 8.3.x10.00 | 21600174/ 27.03.2017 | 1,660/- | 1,411/- | 249/- |
| | | | | | | | ആകെ | 2,709/- |

മേൽവിവരിച്ച പ്രകാരം ആകെ 2,709/- രൂപ അധികം നൽകിയിട്ടുണ്ട്. പത്രപരസ്യങ്ങൾക്ക് ബിൽ തുക നല്കിയപ്പോൾ മേൽ ഉത്തരവുകൾ പ്രകാരമുള്ള 15% ഇളവ് ക്ലെയിം ചെയ്യാതെ ബിൽ തുക മുഴുവൻ നല്കിയതിന് വിശദീകരണം നൽക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 7/31.07.2017)

## 3-11 വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2016-17 സാമ്പത്തിക വർഷം വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഗ്രാമ പഞ്ചായത്ത് വിഹിതമായി 19,25,655/-. രൂപ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മറ്റു സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ കൈമാറിയ തുകകളുടെ വിനിയോഗം കാണിക്കുന്ന ധന വിനിയോഗ സാക്ഷ്യപത്രം നാളിതുവരെയായിട്ടും ബന്ധപ്പെട്ടസ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് സാധിച്ചിട്ടില്ല. ഇക്കാര്യം പരിശോധിച്ച് ചുവടെ ചേർത്ത പ്രകാരം ചെലവഴിച്ച തുകകളുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ.നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതിയുടെ വിശദാംശം | ബിൽ.നം. / തിയതി | തുക | തുക നൽകിയതിന്റെ വിശദാംശം |
|---|---|---|---|---|---|
| 1 | സെക്രട്ടറി | പ്രൊ.നം. 183/17 ഐ.കെ.എം.വിഹിതം | 21600036/10.11.2016/ | 1,89,155/- | Executive Director, Information Kerala Mission, Thiruvananthapuram |
| 2 | സെക്രട്ടറി | പ്രൊ.നം. 369/17 സമ്പൂർണ്ണ വൈദ്യുതീകരണം വിഹിതം | 21600098/31.03.2017 | 12,84,000/-/- | Asst.Eng. K.S.E.B. Electrical Division, Kasaragod |
| 3 | സെക്രട്ടറി | പ്രൊ.നം. 369/17 ശാന്തിപ്പള്ള പട്ടിക വർഗ്ഗ കോളനിയിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കാൻഡെപ്പോസിറ്റ് | 21600146/31.03.2017 | 1,00,000/- | Asst.Eng. K.S.E.B. Electrical Division, Badiyadka. |

| | | | | | |
|---|---|---|---|---|---|
| 4 | വി.ഇ.ഒ. | പ്രൊ.നം. 178/17<br>PMAY- അധിക വിഹിതം | ബിൽ നം.3/2017 | 1,00.000/- | ബ്ലോക്ക് പഞ്ചായത് സെക്രട്ടറി, കാസറഗോഡ് |
| 5 | വി.ഇ.ഒ. | പ്രൊ.നം. 179/17<br>PMAY- അധിക വിഹിതം | ബിൽ നം.4/2017 | 20,000/- | ബ്ലോക്ക് പഞ്ചായത് സെക്രട്ടറി, കാസറഗോഡ് |
| 6 | വി.ഇ.ഒ. | പ്രൊ.നം 180/17<br>PMAY- അധിക വിഹിതം | ബിൽ നം.5/2017 | 32,500/- | ബ്ലോക്ക് പഞ്ചായത് സെക്രട്ടറി, കാസറഗോഡ് |
| 7 | ഐ.സി.ഡിഎസ്. സൂപ്പർവൈസർ | പ്രൊ.നം. 347/17<br>എൻ.പി.ആർ. പി.ഡി. വിഹിതം | ബിൽ നം.15/2016-17 | 2,00,000/- | ജില്ലാ പഞ്ചായത്ത് സെക്രട്ടറി, കാസറഗോഡ് |
| | ആകെ | | | 19,25,655 | |

വിനിയോഗ സാക്ഷ്യപത്രങ്ങളുടെ അഭാവത്തിൽ ചെലവു തുക തടസ്സപ്പെടുത്തുന്നു.

## 3-12 പൊതുജനാരോഗ്യ സ്ഥാപനങ്ങളിലേക്ക് മരുന്നുകൾ വാങ്ങൽ- മരുന്നുകൾ ലഭിക്കാൻ ബാക്കി

2016-17 വർഷത്തിൽ ആയുർവേദ, അലോപ്പതി മരുന്നുകൾ വാങ്ങുന്നതിനായി നിർവഹണ ഉദ്യോഗസ്ഥന്മാരായ ആയുർവേദ മെഡിക്കൽ ഓഫീസറും അലോപ്പതി മെഡിക്കൽ ഓഫീസറും മുൻകൂർ ചെലവ് നടത്തിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ഓഡിറ്റ് തിയതിയിലും ലഭിക്കാൻ ബാക്കിയുള്ളതായി ശ്രദ്ധയിൽപ്പെട്ടു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റിന്റെ പേര്, നിർവഹണ ഉദ്യോഗസ്ഥൻ | മരുന്നു വാങ്ങുന്നതിനായി മുൻകൂർ നടത്തിയ ചെലവ് | നാളിതു വരെ ലഭിച്ച മരുന്നിന്റെ വില | മുൻകൂർ നൽകിയ തുകയിൽ ബാക്കി |
|---|---|---|---|
| പ്രോജക്ട് നം. 33/17- ബദിയടുക്ക ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ<br>നിർവഹണഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ, ആയുർവേദം | 3,00,000<br>ബിൽ നം. 2/16-17 തിയതി 30.12.2016<br>(മെയിന്റനൻസ്ഫണ്ട്-നോൺറോഡ്)<br>തുക നല്കിയ സ്ഥാപനം- ഔഷധി, തൃശ്ശൂർ | 2,33,347 | 66,653 |
| പ്രോജക്ട് നം. 35- ബേള ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ<br>നിർവഹണ ഉദ്യോഗസ്ഥൻ- | 1,50,000<br>ബിൽ നം. 1/16-17 തിയതി 30.12.2016 | 1,10,030 | 39,970 |

| | | | |
|---|---|---|---|
| മെഡിക്കൽ ഓഫീസർ, ആയുർവേദം | (മെയിന്റനൻസ് ഫണ്ട്- നോൺ റോഡ്)<br><br>തുക നല്കിയ സ്ഥാപനം- ഔഷധി, തൃശ്ശൂർ | | |
| പ്രോജക്ട് നം.37/17<br><br>പെയിൻ & പാലിയേറ്റീവ് കെയർ സ്പെഷൽ പ്രേജക്ട്<br><br>നിർവഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ, അലോപ്പതി | 1,00,000<br><br>ബിൽ നം. 05/17 തീയ്യതി 21-03-2017 (വികസനഫണ്ട് സാധാരണം )<br><br>തുക നല്കിയ സ്ഥാപനം- കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ,തിരുവനന്തപുരം | 40,425 | 59,575 |
| ആകെ | 6,00,000 | 3,83,802 | 2,16,198 |

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം. 13160/ഡി.എ.1/2010 തിയതി 28.11.2010 പ്രകാരം മുൻകൂർ തുക കൈപ്പറ്റി 60 ദിവസങ്ങൾക്കകം സ്ഥാപനത്തിന് മരുന്നുകൾ വിതരണം ചെയ്യാൻ ഔഷധിക്ക് ബാദ്ധ്യതയുണ്ട്. എന്നാൽ നാളിതു വരെ മരുന്നുകൾ പൂർണമായും വിതരണം ചെയ്യാൻ ഔഷധിക്ക് കഴിഞ്ഞിട്ടില്ല. ഈ വിഷയം പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

ചെലവു ചെയ്ത് മാസങ്ങൾ കഴിഞ്ഞിട്ടും അതിന്റെ ഗുണഫലം പഞ്ചായത്തിലെ ജനങ്ങൾക്ക് പൂർണമായി ലഭിക്കാത്തിനാൽ മേൽ പ്രോജക്ടുകൾക്കായി ചെലവു ചെയ്ത ആകെ തുക 6,00,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-13 ഭവന പദ്ധതി -ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ -വി.ഇ.ഒ.

വി.ഇ.ഒ. ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം, നിർമ്മാണമാരംഭിച്ച ചുവടെ ചേർത്ത ഗുണഭോക്താക്കൾ നാളിതുവരെയായിട്ടും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതായി കാണുകയുണ്ടായി. നിർമ്മാണം പൂർത്തീകരിക്കാത്ത വീടുകൾ നിലവിലുള്ള സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് എത്രയും വേഗം പൂർത്തീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

1) 2012-13 വർഷത്തെ വനിതാ ഘടക പദ്ധതിയി (പദ്ധതി നം. 21/2012-13)

| ക്രമ നം | പേരും വിലാസവും | ഒരു ഭവനത്തിന് വകയിരുത്തിയ തുക | ആകെ നൽകിയ തുക | ബാക്കി/ സ്റ്റേജ് |
|---|---|---|---|---|
| 1 | വിനയകുമാരി,<br><br>W/o. രാഘവ,<br><br>ഏണിയാർപ്പ്,<br>ബേള.പി.ഒ, | 2,00,000/- | 1,40,000/- | വാൾപ്ലേറ്റ്<br><br>60,000/- |

2) ഇ.എം.എസ് ഭവന പദ്ധതി (പദ്ധതി നം, 201/2010-11)

| ക്രമ നം | പേരും വിലാസവും | ഒരു ഭവനത്തിന് വകയിരുത്തിയ തുക | ആകെ നൽകിയ തുക | സ്റ്റേജ് /ബാക്കി |
|---|---|---|---|---|
| 1 | സുമതി & ഐത്തപ്പ ആൾവാർ,പട്ടാജെ, നീർച്ചാൽ-പി.ഒ, | 75,000/- | 67,500/- | മേൽക്കൂര 7,500/- |
| 2 | ടി.ജെ.വാസുദേവൻ& ചന്ദ്രകല,മേവിനടുക്ക പി.ഒ-ഉള്ളോടി. | 75,000/- | 52,500/- | വാൾപ്ലേറ്റ് 23,000/- |
| 3 | വാരിജ,W/o.ജനാർദ്ധന മാടത്തടുക്ക, പെർഡാല. പി.ഒ. | 75,000/- | 52,500/- | ബേസ് മെന്റ് 23,000/- |
| 4 | കാവേരി, W/o. വാമന നായിക് മുണ്ടോട്, ഉള്ളോടി-പി.ഒ. | 75,000/- | 22,500/- | തുടങ്ങിയിട്ടില്ല 52,500/- |
| 5 | സോമപ്പനായിക് & ഈശ്വരി,ചുക്കിനടുക്ക, ഉള്ളോടി-പി.ഒ. | 75,000/- | 67,500/- | മേൽക്കൂര 7,500/- |
| 6 | മറിയുമ്മ & അബ്ദുൾ റഹിമാൻ, ഏവീബ ഹൗസ്, മാന്യ, ഉള്ളോടി-പി.ഒ. | 75,000/- | 22,500/- | തുടങ്ങിയിട്ടില്ല 52,500/- |
| 7 | സി.കെ.ചന്ദ്രൻ& മഞ്ജുള ചെത്താൻകട്ട ഹൗസ്, പെർഡാല-പി.ഒ | 75,000/- | 67,500/- | മേൽക്കൂര 7,500/- |
| 8 | രാമൻ & സുമതി, മാടത്തടുക്ക ഹൗസ്, പെർഡാല-പി.ഒ. | 75,000/- | 52,500/- | ബേസ് മെന്റ് 22,500/- |
| 9 | മാർക്കോസ്&റോസമ്മ, വടക്കേവീട്ടിൽ, വിദ്യാഗിരി, പെർഡാല-പി.ഒ. | 75,000/- | 22,500/- | തുടങ്ങിയിട്ടില്ല 52,500/- |
| 10 | പി.എം. അബ്ബാസ് & സുഹ്റ, ഗോളിയഡുക്ക, നീർച്ചാൽ-പി.ഒ | 75,000/- | 67,500/- | മേൽക്കൂര 7,500/- |

| | | | | |
|---|---|---|---|---|
| 11 | കൃഷ്ണനായിക് & ശശികല, ബാലകുമാരി, പള്ളത്തടുക്ക- പി.ഒ. | 75,000/- | 52,500/- | ബേസ് മെന്റ് 23,000/- |
| 12 | സി.കെ. മൊയ്തീൻ & സുബൈദ, കട്ടംപ്പംകുഴി, പള്ളത്തടുക്ക-പി.ഒ. | 75,000/- | 67,500/- | മേൽക്കൂര 7,500/- |
| 13 | നാരായണ & ലളിത, കനകപ്പാടി, പെർഡാല-പി.ഒ. | 75,000/- | 52,500/- | വാൾപ്ലേറ്റ് 23,000/- |
| 14 | ലീലാവതി, W/o. നാരായണ റായി, ചേടിക്കാന, ഉള്ളോടി-പി.ഒ. | 75,000/- | 52,500/- | വാൾപ്ലേറ്റ് 23,000/- |
| 15 | ഉമ്മാലിയുമ്മ, W/o. മൊയ്തീൻ കുഞ്ഞി, പുതുക്കോളി, ഉള്ളോടി-പി.ഒ. | 75,000/- | 22,500/- | തുടങ്ങിയിട്ടില്ല 52,500/- |
| 16 | ലീല,W/o. ഭാസപ്പ, വോന്തിച്ചാൽ, കുണ്ടിക്കാന-പി.ഒ. | 75,000/- | 52,000/- | വാൾപ്ലേറ്റ് 23,000/- |
| 17 | ശകുന്തള,W/o. കുഞ്ഞിക്കണ്ണൻ മണിയാണി,മാന്യ കോളനി,ഉള്ളോടി-പി.ഒ. | 75,000/- | 52,000/- | വാൾപ്ലേറ്റ് 23,000/- |

മേൽ ഗുണഭോക്താക്കളുടെ ഭവനങ്ങളുടെ നിലവിലെ സ്ഥിതിയും ഗുണഭോക്താക്കളുടെ സന്നദ്ധതയും അർഹതയും പരിശോധിച്ച് മറ്റു പദ്ധതികളിൽ പെടുത്തി ഭവന നിർമാണം പൂർത്തീകരിക്കാനുള്ള സാദ്ധ്യത പരിശോധിക്കേണ്ടതാണ്.

2009-10 വർഷം മുതൽ നടപ്പിലാക്കി വരുന്ന മേൽ ഭവന പദ്ധതികളിൽ കരാറിലേർപ്പെട്ട മേൽ ഗുണഭോക്താക്കൾ പ്രവൃത്തി ഉപേക്ഷിച്ചിട്ടുണ്ടെങ്കിൽ പരിശോധന നടത്തി കൈമാറിയ തുക പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

## 3-14 അംഗനവാടി പോഷകാഹാര വിതരണം -അധികം നൽകിയ തുക തിരിച്ചടച്ചു

2016-17 വർഷം ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അംഗനവാടി പോഷകാഹാര വിതരണ പദ്ധതിയിൽ പോഷകാഹാരം വിതരണം നടത്തിയ കണ്ടംകുട്ടിച്ചാൽ സ്വയം സഹായ സംഘം എന്ന സ്ഥാപനത്തിന് 2,245/- രൂപ അധികം നൽകുകയുണ്ടായി. വിശദാംശം ചുവടെ

ചേർക്കുന്നു.

| ബിൽ നം./ തീയ്യതി | പോഷകാഹാരം (കി. ഗ്രാം.) | തുക/ കി.ഗ്രാം | ആകെ |
|---|---|---|---|
| 648/19.03.2016 | 580 | 56/- | 32,480/- |
| 649/19.03.2016 | 587 | 56/- | 32,872/- |
| ആകെ | | | 65,352/- |

മേൽ ബിൽ പ്രകാരം പ്രസ്തുത സ്ഥാപനത്തിന് 65,352/- രൂപയാണ് നൽകേണ്ടിയിരുന്നത്. എന്നാൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ ഡി.ഡി. നം.185428 തീയ്യതി 24.05.2016 പ്രകാരം 67,597/- രൂപയാണ് നൽകിയത്. 2,245/- അധികം നൽകിയിട്ടുള്ളതായി ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചതിനെ തുടർന്ന് രസീത് നം.117040102502 തീയ്യതി 26.07.17 പ്രകാരം പഞ്ചായത്ത് തനത് ഫണ്ടിൽ തിരികെ ഒടുക്കുകയുണ്ടായി. ടി തുക വരും വർഷത്തെ പോഷകാഹാര വിതരണ പദ്ധതിയിൽ ഉൾപ്പെടുത്തി ചെലവാക്കേണ്ടതും ആയതിന്റെ വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-15 അഗതി ആശ്രയ പദ്ധതി പ്രവർത്തനം മന്ദഗതിയിൽ

അശരണരായ അഗതികളെ കണ്ടെത്തി പുനരധിവസിപ്പിച്ച് അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ട് വരിക എന്ന മഹത്തായ ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന അഗതി-ആശ്രയ പദ്ധതിക്കായി അനുവദിച്ച തുകയിൽ വലിയൊരു ഭാഗം ചെലവഴിക്കാതെ നീക്കിയിരിപ്പായി കിടക്കുന്നു. ഭക്ഷണം, ചികിത്സ, വീട്, സ്ഥലം, കുടിവെള്ളം, സ്വയംതൊഴിൽ അങ്ങനെ എല്ലാ മേഖലകളിലുമുള്ള പുനരധിവാസമാണ് അഗതി-ആശ്രയ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. പക്ഷെ ബദിയടുക്ക ഗ്രാമപഞ്ചായത്ത് സി.ഡി.എസ്. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ പിന്നോക്കം പോയിരിക്കുന്നു എന്നാണ് ചെലവ് കണക്കുകൾ പരിശോധിച്ചതിൽ നിന്നും ഓഡിറ്റ് വിലയിരുത്തുന്നത്. നിലവിൽ അഗതി-ആശ്രയ പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ പ്രവർത്തനങ്ങൾക്കായി നാളിതുവരെ വർഷങ്ങളിലായി ലഭിച്ച പലിശയടക്കം ആകെ 1,25,663/-രൂപ അക്കൗണ്ട് നം.150031201020052 യിൽ നീക്കിയിരിപ്പുണ്ട്. ആകെ 35 ഗുണഭോക്താക്കളെയാണ് ഒന്നാം ഘട്ടത്തിൽ അഗതി-ആശ്രയ പദ്ധതിക്കായി തെരെഞ്ഞെടുത്തത്. ഈ 35 ഗുണഭോക്താക്കൾക്ക് വേണ്ടി 31.03.2017 വരെ ചെലവഴിച്ചത് 19,512/- രൂപ മാത്രമാണ്.

| 01.04.2016 ലെ മുന്നിരിപ്പ് | ഒന്നാം ഘട്ടത്തിന്റെ ചെലവ് | നീക്കിയിരിപ്പ് (31.03.2017) | പലിശ ലഭിച്ചത് |
|---|---|---|---|
| 1,45,175/- | 19,512/- | 1,25,663/-/- | 6,318/- |

രണ്ടാം ഘട്ടം-

ആശ്രയ രണ്ടാം ഘട്ട പദ്ധതിയ്ക്കായി 4,80,333/-/- രൂപ ചലഞ്ച് ഫണ്ടിന്റെ ആദ്യഗഡു കുടുംബശ്രീ മിഷനിൽ നിന്നും തി.20.09.2016 ൽ അനുവദിച്ചിട്ടുണ്ട്. ഈ തുക കാസറഗോഡ് ജില്ലാസഹകരണ ബാങ്ക് അക്കൗണ്ട് നം.150031201020052ൽ നിക്ഷേപിച്ചിട്ടുണ്ട്. ടി തുകയിൽ 31.03.2017 വരെ 1,22,687/- രൂപ മാത്രം ചെലവ് ചെയ്തിട്ടുണ്ട്. 3,57,646/- രൂപ നീക്കിയിരിപ്പ് ഉണ്ട്. രണ്ടാം ഘട്ടത്തിൽ 53 ഗുണഭോക്താക്കൾക്ക് ഭക്ഷണ, ചികിത്സ ചെലവുകൾ ലഭ്യമാക്കേണ്ടിയിരുന്നു. ഈ ആവശ്യങ്ങൾക്കായി സി.ഡി.എസിന്റെ പക്കൽ ലഭ്യമായ തുക വിനിയോഗിക്കാത്തത് ശരിയല്ല. ലഭ്യമായ തുക പൂർണമായും

വിനിയോഗിച്ച് ആശ്രയ പദ്ധതി ഫലപ്രദമായി നടപ്പിലാക്കേണ്ടതാണ്.

## 3-16 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം

1.വാർഷിക പദ്ധതി /ലേബർ ബഡ്ജറ്റ്

| വർഷം | ലേബർ ബഡ്ജറ്റ് / വാർഷിക പദ്ധതി പ്രകാരം നിർദ്ദേശിച്ച പദ്ധതികൾ | നടപ്പാക്കിയ പ്രവൃത്തികളുടെ എണ്ണം |
|---|---|---|
| 2016-17 | 516 | 384 |

2016-17 വർഷത്തിൽ 384 പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. വാർഷിക പദ്ധതി / ലേബർ ബജറ്റ് പ്രകാരം നിർദ്ദേശിച്ച മണ്ണ് ജല സംരക്ഷണ പ്രവൃത്തികളാണ് ചെയ്തിട്ടുള്ളത്.

2.തൊഴിലുറപ്പ് പദ്ധതി ജനപങ്കാളിത്തം സംബന്ധിച്ച വിവരങ്ങൾ

| ഇനം | 2016-17 |
|---|---|
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെഎണ്ണം | 3,744 |
| തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾ | 1,632 |
| തൊഴിൽ ലഭിച്ച കുടുംബങ്ങൾ | 1,632 |
| തൊഴിൽ ആവശ്യപ്പെട്ടശേഷം തൊഴിൽ ലഭിച്ചവരുടെ ശതമാനം | 100 |
| സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 55,272 |
| 100 തൊഴിൽ ദിനങ്ങൾ ആവശ്യപ്പെട്ട കുടുംബങ്ങൾ | ഇല്ല |
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങൾ | 4 |

2016-17 വർഷത്തിൽ, ആകെ രജിസ്റ്റർ ചെയ്ത 3,744 കുടുംബങ്ങളിൽ 4 കുടുംബങ്ങൾക്ക് മാത്രമേ 100 ദിനം തൊഴിൽ നല്കാൻ പഞ്ചായത്തിന് സാധിച്ചിട്ടുള്ളു. പരമാവധി കുടുംബങ്ങൾക്ക് നൂറുദിന തൊഴിൽ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

3. പഞ്ചായത്തിൽ ദാരിദ്ര്യരേഖക്ക് താഴെയുള്ള മുഴുവൻ കുടുംബങ്ങളെയും പദ്ധതിയിൽ അംഗങ്ങളാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

4. ത.സ്വ.ഭ.വകുപ്പിന്റെ 16-05-2007 ലെ 23283/ഡിസി 2/2007 നമ്പർ സർക്കുലർ പ്രകാരം ഗ്രാമ പഞ്ചായത്ത് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് പ്രത്യേക പൗരാവകാശ രേഖ പ്രസിദ്ധീകരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയത് നടപ്പാക്കിയിട്ടില്ല.

5. സർക്കുലർ നമ്പർ 71990/ഡി.ഡി. 2/11/ ത.സ്വ.ഭ.വ,തീയ്യതി. 26-03-2012 പ്രകാരം അർഹരായ മുഴുവൻ എസ്.സി/ എസ്.ടി. കുടുംബങ്ങളെയും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ അംഗങ്ങളാക്കണം. ഗ്രാമ പഞ്ചായത്തിൽ എല്ലാ എസ്.സി./എസ്.ടി. കുടുംബങ്ങളെയും തൊഴിലുറപ്പ് പദ്ധതിയിൽ അംഗങ്ങളാക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല. 270 എസ്.സി. കുടുംബങ്ങളെയും 48 എസ്. ടി. കുടുംബങ്ങളെയും മാത്രമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആകെ 624 പട്ടിക ജാതി

കുടുംബങ്ങളും 900 പട്ടിക വർഗ്ഗ കുടുംബങ്ങളും പഞ്ചായത്ത് പ്രദേശത്തിൽ താമസിക്കുന്നു എന്ന് NREGS വിഭാഗം അറിയിച്ചിട്ടുണ്ട്.

6. വരവ് ചെലവ് കണക്കുകൾ പ്രസിദ്ധീകരിച്ചിട്ടില്ല.

സ.ഉ. നംബർ/ 12329/ഡി.ഡി.2/2012/ ത.സ്വ.ഭ.വ. തീയതി. 09-04-2012 ഉത്തരവിൽ നിർദ്ദേശിച്ച വിധം ഗ്രാമപഞ്ചായത്തുകൾ തൊഴിലുറപ്പ് പദ്ധതിയുടെ വരവ്-ചെലവ് കണക്കുകൾ വർഷത്തിൽ രണ്ടു തവണ പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധീകരിക്കേണ്ടതാണ്. ആയത് പ്രസിദ്ധീകരിച്ചിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-17 കർഷക ഗ്രൂപ്പുകൾക്ക് യന്ത്രങ്ങൾ വിതരണം- രേഖകൾ അപൂർണം ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണോദ്യോഗസ്ഥൻ- കൃഷി ഓഫീസർ

2016-17വർഷത്തിൽ പ്രൊജക്റ്റ് നം. 401/17 പ്രകാരം കർഷക സംഘങ്ങൾക്ക് യന്ത്രങ്ങളും കാർഷികോപകരണങ്ങളും വിതരണം നടത്തിയിട്ടുണ്ട്. വിവരം താഴെ കാണുക.

| ക്രമ നം | പേര് | നൽകിയ ഉപകരണം/യന്ത്രം | ബിൽ നം /തിയതി | വില | സബ്സിഡി |
|---|---|---|---|---|---|
| 1 | പള്ളത്തടുക്ക സാമൂഹിക ബത്ത ഉൽപാദന സമിതി | പവ്വർ റീപ്പർ | 17214/ 24.03.2017 | 1,05,000/- | 78,750/- |
| 2 | പള്ളത്തടുക്ക സാമൂഹിക ബത്ത ഉൽപാദന സമിതി | വീഡ് കട്ടർ | c-449/16 /17-29.03.2017 | 26,000/- | 19,500/- |
| 3 | അക്ഷയ പട്ടിക വർഗ കർഷക സമിതി | പെപ്പർ ത്രഷർ | 17222/ 27.03.2017 | 17,500/- | 13,125/- |
| 4 | അക്ഷയ പട്ടിക വർഗ കർഷക സമിതി | പവ്വർ റീപ്പർ | 17221/ 27.03.2017 | 1,05,000/- | 78,750/- |
| 5 | അക്ഷയ പട്ടിക വർഗ കർഷക സമിതി | ട്രാക്ടർ | 17228/ 28.03.2017 | 4,49,505/- | 3,37,128/- |
| 6 | അക്ഷയ പട്ടിക വർഗ കർഷക സമിതി | വീഡ് കട്ടർ | 17223/ 27.03.2017 | 25,004/- | 18,753/- |
| 7 | മേഗിന കദാർ ഗ്രൂപ്പ് ഫാർമിംഗ് സമിതി | പവ്വർ റീപ്പർ | 17224/ 27.03.2017 | 1,05,000/- | 78,750/- |

| | | | | | |
|---|---|---|---|---|---|
| 8 | വൊളമള ഏല പാടശേഖര സമിതി | വീഡ് കട്ടർ | c-448/16.17 | 26,000/- | 19,500/- |
| 9 | മേഗിന കദാർ ഗ്രൂപ്പ് ഫാർമിംഗ് സമിതി | വീഡ് കട്ടർ | c-452/16-17 29.03.2017 | 26,000/- | 19,500/- |
| 10 | കുമാരമംഗല കോടിംഗാർ സാമൂഹിക ബത്ത ഉൾപ്പദന സമിതി | പവ്വർ റീപ്പർ | 17218 25.03.2017 | 1,05,000/- | 78,750 |
| 11 | എണിയാർപ്പ് ഏല നെല്ലുത്പാദക സമിതി | പവ്വർ ടില്ലർ | 17219/ 27.03.2017 | 1,53,668/- | 1,15,251/- |
| 12 | കുമാരമംഗല കോടിംഗാർ സാമൂഹിക ബത്ത ഉൽപ്പാദന സമിതി | വീഡ് കട്ടർ | c-447/16-17 29.03.2017 | 1,53,668/- | 1,15,251 |
| 13 | എണിയാർപ്പ് ഏല നെല്ലുത്പാദക സമിതി | വീഡ് കട്ടർ | c-446/16-17 29.03.2017 | 26,000/- | 19,500/- |
| 14 | കുമാരമംഗല ഏല നെല്ലുത്പാദക സമിതി | ട്രാക്ടർ | 17227/ 28.03.2017 | 4,49,505/- | 3,37,128/- |
| 15 | കുമാരമംഗല ഏല നെല്ലുത്പാദക സമിതി | വീഡ് കട്ടർ | c-451/16-17 29.03.2017 | 26,000/- | 19,500/- |
| 16 | ബേള പാടശേഖര നെല്ലുത്പാദക സമിതി | വീഡ് കട്ടർ | c-450/16-17 29.03.2017 | 26,000/- | 19,500/- |
| 17 | ബദിയടുക്ക ജൈവ പച്ചക്കറി ഉൽപ്പാദക സംഘം | പവ്വർ ത്രഷർ | 17230/ 28.03.2017 | 17,500/- | 13,125/- |
| 18 | ബദിയടുക്ക ജൈവ പച്ചക്കറി ഉൽപ്പാദക സംഘം | വീഡ് കട്ടർ | 17229/ 28.03.2017 | 24,885/- | 18,663/- |

1.കർഷകർ മാത്രം അംഗങ്ങളായിട്ടുള്ള രജിസ്റ്റർ ചെയ്ത പാടശേഖര സമിതി എന്ന് സാക്ഷ്യപ്പെടുത്തിയ

രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2.പാടശേഖര സമിതി യന്ത്രങ്ങൾ വിൽക്കാനോ കൈമാറ്റം ചെയ്യനോ പാടില്ലാത്തതാണ് എന്ന് വ്യവസ്ഥ ചെയ്യു കൊണ്ടുള്ള കരാർ ചമച്ചതായി കാണുന്നില്ല.

3.യന്ത്രങ്ങൾ ശരിയായി സംരക്ഷിക്കുമെന്നും പൊതു കാർഷിക ആവശ്യത്തിനു മാത്രമെ ഉപയോഗിക്കുകയുള്ളൂ എന്നും സ്വകാര്യ വ്യക്തിക്കൾ ഇടാക്കുന്നതിനേക്കാൾ കുറഞ്ഞത് 25% കുറഞ്ഞവാടക നിരക്കിൽ കർഷകർക്ക് ലഭ്യമാക്കും എന്നും വ്യവസ്ഥ ചെയ്യു കൊണ്ടുള്ള കരാർ ഉടമ്പടി ചമച്ചതായി കാണുന്നില്ല.

4.യന്ത്രങ്ങളുടെ വിവരങ്ങൾ കൃഷി ഭവനിലെ ആസ്തി രജിസ്റ്ററിലും സ്റ്റോക്ക് രജിസ്റ്ററിലും ചേർത്തിട്ടില്ല.

മേൽ വിവരിച്ച സാഹചര്യങ്ങൾ കണക്കിലെടുത്ത് ചെലവ് 13,04,673/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

5.Motor Vehicles Act/Rules പ്രകാരം ട്രാക്ടർ Registration ചെയ്യ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-18 കാർഷിക മേഖല ഉല്പാദന വർദ്ധനവ് ലക്ഷ്യം വച്ചുള്ള പദ്ധതികൾ - മോണിറ്ററിംഗ് കാര്യക്ഷമമല്ല.

2016-17 വർഷത്തിൽ കാർഷികമേഖലയിൽ ഉല്പാദന വർദ്ധനവ് ലക്ഷ്യമാക്കി കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ മോണിറ്ററിംഗ് കാര്യക്ഷമമായി നടത്തിയിട്ടില്ല. തെങ്ങ് കൃഷി, കവുങ്ങ് കൃഷി, നെൽകൃഷി, പച്ചക്കറി തുടങ്ങിയ മേഖലകളിൽ സമഗ്ര ഉല്പാദന വർദ്ധനവ് 2016-17 വർഷം ഗ്രാമപഞ്ചായത്ത് ലക്ഷ്യമാക്കിയിരുന്നു. എന്നാൽ പല പദ്ധതികളും വർഷാവസാനം ആരംഭിച്ചതിനാൽ ലക്ഷ്യം എത്രമാത്രം കൈവരിച്ചു എന്ന് വിലയിരുത്താൻ കഴിഞ്ഞിട്ടില്ല.

1)തെങ്ങ് കൃഷി വികസന പദ്ധതി

| ക്രമ നമ്പർ | ബിൽ നമ്പർ /തിയതി | തുക |
|---|---|---|
| 1 | 03/18.01.2017 | 5,87,160/- |
| 2 | 09/24.01.2017 | 1,35,900/- |
| 3 | 11/31.03.2017 | 33,300/- |
| | ആകെ | 7,56,360/- |

പ്രൊജക്ട് നം.005/17 തെങ്ങ് കൃഷിവികസന പദ്ധതി പ്രകാരം 98 ഹെക്ടർ സ്ഥലത്ത് 17,150 തെങ്ങുകൾക്ക് 1 തെങ്ങിന് 2.5കി.ഗ്രാം. ജൈവവളം നൽകി നാളികേര ഉല്പാദനം വർദ്ധിപ്പിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ആകെ 350 ഗുണഭോക്താക്കൾക്കാണ് ഈ പദ്ധതി പ്രകാരം ജൈവവളം നൽകിയത്. 42,522 കി.ഗ്രാം. ജൈവവളം ഈ പദ്ധതിക്കായി വിതരണം ചെയ്തിട്ടുണ്ട്.

2)കവുങ്ങ് കൃഷി വികസന പദ്ധതി.

| ക്രമ നമ്പർ | ബിൽ നമ്പർ /തിയതി | തുക |
|---|---|---|
| 1 | 02/18.01.2017 | 8,88,300/- |
| 2 | 04/24.01.2017 | 39,055/- |
| 3 | 10/31.03.2017 | 89,100/- |
| 4 | 12/31.03.2017 | 39,600/- |
| | ആകെ | 10,56,055/- |

പ്രൊജക്റ്റ് നം.007/17 കവുങ്ങ് കൃഷിവികസന പദ്ധതി പ്രകാരം ആകെ 87 ഹെക്ടർ സ്ഥലത്ത് 10,14,004/- കവുങ്ങുകൾക്ക് 56,529 കി.ഗ്രാം. ജൈവവളം, 365കി.ഗ്രാം. ഉരിശ്, 365 കിലോ നീറ്റു കക്ക എന്നിവ നൽകി ഉല്പാദന വർദ്ധനവ് ലക്ഷ്യമിട്ടുള്ളതായിരുന്നു പ്രോജക്റ്റ്. 337ഗുണഭോക്താക്കൾക്ക് ഈ പദ്ധതി പ്രകാരം ജൈവവളവും ഉരിശും വിതരണം ചെയ്തിട്ടുണ്ട്.

3) നെൽകൃഷി വികസന പദ്ധതി.

ബിൽ നം.05/2016-17/24.01.17 – 94,875/-

ബിൽ നം.10/2016-17/3103.17 – 18,975/-

പ്രൊജക്റ്റ് നം.04/17 നെൽകൃഷിവികസന പദ്ധതി പ്രകാരം 1 ഹെക്ടർ സ്ഥലത്ത് 75% സബ്സിഡിയോടെ ആകെ 14 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുകയാണ് പദ്ധതിയുടെ ലക്ഷ്യം. ആകെ 44 ഗുണഭോക്താക്കൾക്കാണ് ഈ പദ്ധതി പ്രകാരം ജൈവവളം നൽകിയത്. 3,300/-കി.ഗ്രാം. ജൈവവളം ഈ പദ്ധതിക്കായി വിതരണം ചെയ്തിട്ടുണ്ട്.

4)പ്രൊജക്റ്റ് നം.10/17- കുരുമുളക് സമിതിക്ക് മെതി യന്ത്രം ചെലവ്-14,000/-

5)പ്രൊജക്റ്റ് നം. 03/17 -നെൽകൃഷി കൂലി ചെലവ്-1,50,000/-

പഞ്ചായത്ത് പരിധിയിലുള്ള 10 പാടശേഖര സമിതികളിലെ 174 ഗുണഭോക്താക്കൾക്ക് 1,50,000/-രൂപ കൂലി ചെലവ് നൽകിയിട്ടുണ്ട്.
6) പ്രൊജക്റ്റ് നം. 401/17- കർഷക സംഘങ്ങൾക്ക് കാർഷിക യന്ത്രങ്ങൾ വിതരണം- ചെലവ്- 13,04,673/-

മേൽവിവരിച്ച 6 പദ്ധതികൾക്കായി ആകെ 34,24,638/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത്രയും തുക ചെലവഴിച്ചുവെങ്കിലും പദ്ധതികളുടെ മോണിറ്ററിംഗ് കൃത്യമായി നടത്തിയിട്ടില്ല. ഭാവിയിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ കൃത്യമായ മോണിറ്ററിംഗ് നടത്തണമെന്ന് ഓഡിറ്റിൽ നിർദ്ദേശിക്കുന്നു.

## 3-19 വി.ഇ.ഒ യുടെ അക്കൌണ്ടുകളിൽ ഭീമമായ തുക കെട്ടി കിടക്കുന്നു

1 ) ടി.എസ്.സി. പദ്ധതിയുടെ ഭാഗമായി 01.03.2005 ന് വി.ഇ.ഒ. യുടെയും പ്രസിഡന്റിന്റെയും പേരിൽ

പെർഡാല സർവ്വീസ് കോപ്പറേറ്റീവ് ബാങ്കിൽ സംയുക്ത അക്കൌണ്ട് (A/C No. 3080) ആരംഭിക്കുകയുണ്ടായി. ടി അക്കൌണ്ടിൽ 12.09.2010 വരെ ഇടപാടുകൾ നടത്തിയിട്ടുണ്ട്. 31.03.2013 തിയതിയിലെ നീക്കിയിരിപ്പ് 4,47,963/-രൂപയാണ്. ഇതിന് ശേഷം ടി.എസ്.സി. അക്കൗണ്ടിൽ യാതൊരു ഇടപാടുകളും നടന്നിട്ടില്ല. 31.03.2017 ൽ പലിശ ഉൾപ്പെടെ അക്കൗണ്ടിൽ 5,85,251/-രൂപ നീക്കിയിരിപ്പ് ഉണ്ട്. ടി തുക ടി.എസ്.സി യിലേക്ക് തിരികെ നൽകുകയോ ടി.എസ്.സി യുടെ അനുമതിയോടു കൂടി ശുചിത്വ പദ്ധതികൾക്കായി വിനിയോഗിക്കുകയോ ചെയ്യേണ്ടതാണ്.

2) ബദിയടുക്ക ഗ്രാമ പഞ്ചായത്തിലെ വി.ഇ.ഒ. യുടെയും പ്രസിഡന്റിന്റെയും സംയുക്ത അക്കൗണ്ടിൽ ജില്ലാ പഞ്ചായത്തിൽനിന്നു പട്ടികജാതി ഗുണഭോക്താക്കൾക്ക് ഭവന നിർമ്മണത്തിനായി 7,00,000/-രൂപ 18.08.2011 തിയതിയ്ക്ക് ലഭ്യമായിട്ടുണ്ട്. ടി തുകയിൽ 14.05.2012 വരെ 2,85,000 രൂപ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മണത്തിനായി (അക്കൌണ്ട് തുടങ്ങിയത് 19.07.2011) ചെലവഴിച്ചതാണ്. അതിനുശേഷം ടി അക്കൗണ്ടിൽ യാതൊരു ഇടപാടുകളും നടത്തിയിട്ടില്ല. 14.05.2012 മുതൻ 31.03.2017 വരെ അക്കൌണ്ടിൽ പലിശയടക്കം 5,01,223/- രൂപ നിക്ഷേപമുണ്ട്. ടി തുക ജില്ലാ പഞ്ചായത്തിൽ ഒടുക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത്, കാസറഗോഡ് | 10,00,000 | തണൽ ഭവന നിർമാണ പദ്ധതി | 2,75,000 | 7,25,000 |
| ബ്ലോക്ക് പഞ്ചായത്ത്, കാറഡുക്ക | 18,750 | ശാരീരിക മാനസിക വെല്ല വിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 18,750 | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത്, കാറഡുക്ക | 10,76,000 | വെളിയിട വിസർജന വിമുക്തി പദ്ധതി | 10,76,000 | ഇല്ല |
| എൻ.പി.ആർ.പി.ഡി. കാസറഗോഡ് | 12,00,000 | വൈകല്യ സൗഹൃദ ഭവനം | 10,00,000 | 2,00,000 |
| ശുചിത്വ മിഷൻ | 31,11,706 | സമ്പൂർണ ശുചിത്വ പദ്ധതി | - | 31,11,706 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുക

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വൈദ്യുതി ബോർഡ് | മാന്യ, ദേവരക്കരെ എന്ന സ്ഥലത്ത് തെരുവ് വിളക്ക് സ്ഥാപിക്കൽ | 1,37,900 | 1,37,900 | പൂർത്തീകരിച്ചു | - |
| വൈദ്യുതി ബോർഡ് | പടിയട്ടപ്പ് എസ് സി കോളനിയിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ | 41,400 | 41,400 | പൂർത്തീകരിച്ചു | - |
| വൈദ്യുതി ബോർഡ് | പെർഡാല മസ്ജിദിനു സമീപത്തു നിന്ന് വൈദ്യുതിത്തൂൺ മാറ്റുന്ന പ്രവൃത്തി | 24,631 | 24,631 | പൂർത്തീകരിച്ചു | - |
| വൈദ്യുതി ബോർഡ് | സമ്പൂർണ്ണ വൈദ്യുതീകരണം | 12,84,000 | 12,84,000 | പൂർത്തീകരിച്ചു | - |
| വൈദ്യുതി ബോർഡ് | ശാന്തിപ്പള്ള എന്ന സ്ഥലത്ത് തെരുവ് വിളക്ക് | 1,00,000 | - | പൂർത്തീകരിച്ചിട്ടില്ല | 1,00,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | സ.ഉ.(സാ)നം.-958/2010 ത.സ്വ.ഭ.വ.തിയതി 20-03-2010 | 1,10,00,000 | 17,55,500 | 17,55,500 | | - |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2001-02 | 3(4) | 2007-08 | 3.66 2(7) | എൻ.എം.ആർ.ക്രമക്കേടുകൾ | മറുപടി നൽകിട്ടുണ്ട് |
| 2001-02 | 3(5) | 2007-08 | 3.66 2(8) | | |
| 2001-02 | 3(6) | 2007-08 | 3.66 2(9) | | |
| 98-99 | 28 | ഇല്ല | ഇല്ല | സർക്കാർ അനുവദിക്കാത്ത-ഇനത്തിൽ സബ്സിഡി നൽകിയത്. | മറുപടി നൽകിട്ടുണ്ട് |
| 2013-14 | 5-1 | 2013-14 | ഇല്ല | വെള്ളക്കര ഇനത്തിൽ 3/2012 വരെയുള്ളകുടിശ്ശിക11,89,580/- രൂപ ഒടുക്കിയിട്ടുണ്ട്. എന്നാൽ 2011-12ലെവിവിധഗ്രാന്റിൽനിന്നു തുക കുറവ് ചെയ്തിട്ടുണ്ട് | |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 12,04,59,123 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 11,68,07,677 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2,74,888 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 79,85,585 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 2,74,888 | ശ്രീ.ഉഷാർ കൃഷ്ണൻ.ജി, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-3 | 58,514 | ശ്രീ.ഉഷാർ കൃഷ്ണൻ.ജി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-8 | 32,000 | ശ്രീ.കൃഷ്ണദാസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-8 | 1,42,994 | ശ്രീ.രമേശൻ കരുവാറ്റിൽ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-8 | 39,71,749 | ശ്രീ.ഉഷാർ കൃഷ്ണൻ.ജി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-11 | 1,89,155 | ശ്രീ.മഹാബലേശ്വര ശർമ, സെക്രട്ടറി |
| 3-11 | 13,84,000 | ശ്രീ.ബിനു ജോസ്, സെക്രട്ടറി |
| 3-11 | 1,52,500 | ശ്രീ.രതീഷ് കുമാർ.കെ, വി.ഇ ഒ. |
| 3-11 | 2,00,000 | ശ്രീമതി.ജ്യോതി.പി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3-12 | 4,50,000 | ശ്രീ.സുബിൻ.കെ.ജെ, മെഡിക്കൽ ഓഫീസർ, ആയുർവേദം |
| 3-12 | 1,00,000 | ശ്രീ.സത്യശങ്കര ഭട്ട്, മെഡിക്കൽ ഓഫീസർ, അലോപ്പതി |
| 3-17 | 13,04,673 | ശ്രീമതി.രേവതി.എം.ആർ, കൃഷി ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 3-8

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഉഷാർ കൃഷ്ണൻ.ജി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, | ആളുന്നതിൽ, വെൺകുളം, എടവ.പി.ഒ, തിരുവനന്തപുരം പിൻ- 695311 |

## 4-9 <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവുംഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1982-83 | എൽ.എഫ്.സി12/50/90 തീ-12.01.90. | 11 |
| 1984-85 | എൽ.എഫ്.സി7/1573/89 തീ-15.02.90 | 19 |
| 1985-86 | എൽ.എഫ്.സി7/211/91 തീ -16.07.92. | 11 |
| 1986-87 | എൽ.എഫ്.സി7/804/92 തീ- 29.07.92. | 5 |
| 1987-88<br>1988-89 | എൽ.എഫ്.കെ.എസ്.ഡി. തീ-05/511/98 | 7 |
| 1989-90<br>1990-91 | എൽ.എഫ്.കെ.എസ്.ഡി.5/599/99 തീ-20.12.00 | 13 |
| 1991-92 to 1995-96 | എൽ.എഫ്.കെ.എസ്.ഡി.6/516/0തീ03.03.2006 | 1 |
| 1996-97 | എൽ.എഫ്.കെ.എസ്.ഡി.5/450/01 തീ-07.01.02 | 18 |
| 1997-98 | എൽ.എഫ്.കെ.എസ്.ഡി.5/532/01 തീ-08.01.02 | 21 |
| 1998-99 | എൽ.എഫ്.കെ.എസ്.ഡി.6/812/02 തീ-03.05.03 | 12 |
| 1999-2000 | എൽ.എഫ്.കെ.എസ്.ഡി.6/434/03 തീ-15.11.04 | - |
| 2000-01 | എൽ.എഫ്.കെ.എസ്.ഡി.6/138/04 തീ-14.09.07 | 2 |
| 2001-02(P) | എൽ.എഫ്.കെ.എസ്.ഡി.6/139/08 തീ-22.07.08 | 6 |
| 2001-02 | എൽ.എഫ്.കെ.എസ്.ഡി.4/459/07 തീ-18.10.07 | 5 |
| 2002-03(F) | എൽ.എഫ്.കെ.എസ്.ഡി.4/460/07 തീ-18.10.07 | 28 |
| 1991-92 to 1995-96 | എൽ.എഫ്.കെ.എസ്.ഡി.6/516/05 തീ-03.03.06 | 7 |
| 2000-01 (F) | എൽ.എഫ്.കെ.എസ്.ഡി.6/199/06 | 7 |
| 2003-04 | എൽ.എഫ്.കെ.എസ്.ഡി.3/804(A)/08 തീ-24.-6.10 | 20 |

| | | |
|---|---|---|
| 2004-05 | എൽ.എഫ്.കെ.എസ്.ഡി.7/768/11 തീ-07.08.12 | 23 |
| 2005-06 | എൽ.എഫ്.കെ.എസ്.ഡി.7/396/10 | 21 |
| 2006-07 | എൽ.എഫ്.കെ.എസ്.ഡി.7/770/10 | 28 |
| 2007-08 | എൽ.എഫ്.കെ.എസ്.ഡി.7/837/11 തീ-09.08.12 | 3 |
| 2008-09 | എൽ.എഫ്.കെ.എസ്.ഡി.4/320/12 തീ-26.02.13 | 12 |
| 2009-10 | എൽ.എഫ്.കെ.എസ്.ഡി.4/325/12-തീ13. 03.13 | 14 |
| 2010-11 | എൽ.എഫ്.കെ.എസ്.ഡി.4/310/12 തീ-12.06.13 | 32 |
| 2011-12 | എൽ.എഫ്.കെ.എസ്.ഡി.4/48/13തീ28.08.2013 | 20 |
| 2012-13 | എൽ.എഫ്.കെ.എസ്.ഡി.8/1046/2014 തീ-19.02.2015 | 17 |
| 2013-14 | എൽ.എഫ്.കെ.എസ്.ഡി.6/1029/2015 തീ 05.11.2015 | 18 |
| 2014-15 | എൽ.എഫ്.കെ.എസ്.ഡി.6/748/2016 തീ 22.07.2016 | 5 |
| 2015-16 | കെ.എസ്.എ/കെ.എസ്.ഡി6/13/2017 തിയതി 09.01.2017 | 20 |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

# അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ-കെ.എസ്.ഡി -/6/981/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്-671123.
ഇ-മെയിൽ : doksd.ksad@kerala.gov.in
ഫോൺ : 0499 4256690.

തിയതി : 08.08.2017

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും, കാസറഗോഡ് ജില്ലയിലെ ബദിയടുക്ക ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 1-3 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ ബദിയടുക്ക ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

# AUDIT CERTIFICATE

No. KSA-KSD-6/981/2017

Kerala State Audit Department

District Audit Office,Kasaragod – 671 123.
e-Mail : doksd.ksad@kerala.gov.in

Phone: 04994-256690

Dated:08.08.2017.

Certified that, I have audited the Annual Financial Statement of Badiadka Grama Panchayat in Kasaragod District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Badiadka Grama Panchayat for the year 2016-17, except the observations pointed out in Para 1-3 of the audit report, properly presents the picture of income and expenditure.

Deputy Director,

Kerala State Audit Department,

District Audit Office, Kasaragod.